# കുദാശകൾ

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

Fr. George
Panakezham. Palathra.

# കൂദാശകൾ

By

FR. ABEL C. M. I.

Rights Reserved
by the author

Ernakulam
2-11-1992

വില 6 രൂപ

malankaralibrary.com

**Re-imprimatur:**

**✠ Joseph Parecattil,**

Archbishop of Ernakulam

1 – 1 – 1969

malankaralibrary.com

# ഉള്ളടക്കം


പേജ്

| | | | |
|---|---|---|---|
| വിശദീകരണങ്ങൾ | .... | .... | 5 |
| മാമ്മോദീസ | .... | .... | 9 |
| സ്ഥൈര്യലേപനം | .... | .... | 25 |
| രോഗിലേപനം | .... | .... | 41 |
| വിവാഹം | .... | .... | 53 |
| അനുബന്ധം | .... | .... | 69 |

a) മാമ്മോദീസയ്ക്കുള്ള സൈത്ത് വെഞ്ചരിക്കുന്ന ക്രമം

b) രോഗിലേപനത്തിനുള്ള തൈലം വെഞ്ചരിക്കുന്ന ക്രമം

c) ആസന്നമരണർക്ക് മാമ്മോദീസയും സ്ഥൈര്യലേപനവും നല്കുന്ന ക്രമം

d) വിവാഹവാഗ്ദാനം

e) വിവാഹകർമ്മത്തിൽ സുവിശേഷം കഴിഞ്ഞുള്ള പ്രസംഗത്തിനു പകരം പറയാവുന്ന ഉപദേശം.


malankaralibrary.com

# കൂദാശകൾ സംബന്ധിച്ചുള്ള

# ചില വിശദീകരണങ്ങൾ

## 1. പൊതുവായവ

1. കൂദാശകൾ (കുമ്പസാരവും രോഗിലേപനവുമൊഴികെ) കുർബാനയോടു ബന്ധപ്പെടുത്തിയോ അല്ലാതെയോ നടത്താവുന്നതാണ്. എങ്കിലും സ്ഥൈര്യലേപനവും വിവാഹവും സാധാരണഗതിയിൽ കുർബ്ബാനയോടു ബന്ധപ്പെടുത്തി നടത്തുന്നതായിരിക്കും അഭിലഷണീയം.

2. മാമ്മോദീസ, സ്ഥൈര്യലേപനം, വിവാഹം എന്നീ കൂദാശകളുടെ ആരംഭത്തിൽ കൊടുത്തിരിക്കുന്ന ചോദ്യങ്ങളും ഇടയ്ക്കു ചെറിയ അക്ഷരത്തിൽ ചേർത്തിരിക്കുന്ന പ്രാർത്ഥനകളും യുക്തമെന്നു തോന്നിയാൽ വിട്ടുകളയാവുന്നതാണ്.

3. ചെറിയ അക്ഷരത്തിൽ കൊടുത്തിരിക്കുന്ന വിജ്ഞാപനങ്ങൾ ഉച്ചത്തിൽ വായിക്കുന്നതു് ഉപകാരപ്രദമെന്നു തോന്നിയാൽ അങ്ങനെ ചെയ്യാം.

4. കുർബാനയോടു ബന്ധപ്പെടുത്തി കൂദാശകൾ നടത്തുമ്പോൾ, സുവിശേഷവായനയ്ക്കുമുമ്പുള്ള സമാധാനാശംസ വേദപുസ്തകമുപയോഗിച്ചു കുർബാനയിലെ മുറയനുസരിച്ചുതന്നെ ചെയ്യണം. മററവസരങ്ങളിൽ 'നിങ്ങൾക്കു സമാധാനം' എന്നു പറയുകമാത്രം ചെയ്താൽ മതി.

5. സുവിശേഷവായനയ്ക്കുമുമ്പു വിജ്ഞാപനമുള്ളിടത്തു 'നമുക്കു ശ്രദ്ധാപൂർവ്വംനിന്നു വി. സുവിശേഷം ശ്രവി

malankaralibrary.com

ക്കാം' എന്ന വാചകം വിട്ടുകളഞ്ഞിരിക്കയാണ്. വിജ്ഞാപനം വിട്ടുകളയുന്ന പക്ഷം ആ വാചകം വായിക്കണം.

## 2. പ്രത്യേകമായവ

### a) മാമ്മോദീസ

1. മാമ്മോദീസക്രമത്തോടുകൂടെത്തന്നെ സൈത്ത് (Oil of the Catechumens) വെഞ്ചരിക്കണമെന്നതാണ പൊതുനിയമമെങ്കിലും മുൻകൂട്ടി വെഞ്ചരിച്ച സൈത്ത് ഉപയോഗിക്കാവുന്നതാണ്. അങ്ങനെതന്നെ ഒരു മാമ്മോദീസയിൽ വെഞ്ചരിച്ച വെള്ളം മററു മാമ്മോദീസകൾക്കും ഉപയോഗിക്കാം.

2. പൗരസ്ത്യസുറിയാനിറീത്തിൽ ആളിനെ വെള്ളത്തിൽ മുക്കിയാണ മാമ്മോദീസ നൽകാറുള്ളതെങ്കിലും, ഇന്നത്തെ സാഹചര്യത്തിൽ ശിരസ്സിൽ വെള്ളമൊഴിച്ച നൽകേണ്ടതാണ്.

3. ആസന്നമരണർക്കു മാമ്മോദീസ നൽകുമ്പോൾ (കാർമ്മികൻ പുരോഹിതനാണെങ്കിൽ) തുടർന്നു സ്ഥൈര്യലേപനവുംകൂടി നല്കുന്നതും നന്നായിരിക്കും. (അനുബന്ധം പേജ് 69)

4. മുതിർന്നവർക്കു മാമ്മോദീസ നൽകുമ്പോൾ തൈലം (സൈത്ത്) നെററിയിൽമാത്രം പൂശിയാൽ മതിയാവും. മാമ്മോദീസ കഴിഞ്ഞ് അവർക്കു സ്ഥൈര്യലേപനവും വി. കുർബാനയും നല്കുന്നത് അഭിലഷണീ

malankaralibrary.com

യമാണ്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ സ്ഥൈര്യലേപനത്തിലെ വേദപുസ്തകവായനവരെയുള്ള ആദ്യഭാഗങ്ങളും വാഗ്ദാനനവീകരണവും ഉപേക്ഷിക്കുന്നു.

5. മാമ്മോദീസ സ്വീകരിക്കുവാൻ പലരുള്ളപ്പോൾ ആവശ്യമുള്ളിടത്തെല്ലാം ബഹുവചനമാക്കിച്ചൊല്ലണം. എന്നാൽ ലേപനം, സ്നാപനം എന്നിവയുടെ വാചകങ്ങൾ ഓരോരുത്തർക്കുംവേണ്ടി ആവർത്തിക്കേണ്ടതാണ്.

സൂചന: മാമ്മോദീസ സ്വീകരിക്കുന്നതു ശിശുവാണെന്നുള്ള സങ്കല്പത്തിലാണ് അനുഷ്ഠാനവിധികൾ എഴുതിയിരിക്കുന്നത്. പ്രാർത്ഥനയിൽ സന്ദർഭവും ഭംഗിയുമനുസരിച്ച 'ശിശു' എന്നും 'ആൾ' എന്നും 'ദാസൻ' എന്നും ചേർത്തിട്ടുണ്ട്. പ്രാദേശികവ്യത്യാസവും സന്ദർഭവുമനുസരിച്ച് ആ വാക്കുകളിൽ ഏതെങ്കിലും ഉപയോഗിക്കാം.

## b) സ്ഥൈര്യലേപനം

1. സ്ഥൈര്യലേപനം സ്വീകരിക്കുവാൻ വളരെപ്പേരുണ്ടെങ്കിൽ മററു വൈദികർക്കും തൈലാഭിഷേകം നടത്താവുന്നതാണ്.

2. സ്ഥൈര്യലേപനം സ്വീകരിക്കുന്നവരുടെ ലിസ്റ്റെടുക്കുവാനുള്ള സൗകര്യത്തിനുവേണ്ടി ഓരോ തുണ്ടുകടലാസിൽ ഓരോരുത്തരുടെയും വീട്ടുപേരും പേരും എഴുതി നേരത്തെ അവരെ ഏല്പിക്കുന്നതു നന്നായിരിക്കും. ഓരോരുത്തരുടേയും തൈലാഭിഷേകം കഴിയുമ്പോൾ ശുശ്രൂഷി ആ കടലാസുകൾ വാങ്ങി സൂക്ഷിക്കുന്നു.

malankaralibrary.com

### c) രോഗിലേപനം

രോഗിലേപനത്തിലെ കർമ്മങ്ങാം മുഴവനം തീർക്കാൻ സമയം കിട്ടാത്തവിധം രോഗി അത്യാസന്നനിലയിലാണെങ്കിൽ 47-ാം പേജിലെ കൂദാശവചനം ചൊല്ലി നെററിമാത്രം പൂശിയാൽ മതി.

### d) വിവാഹം

1. കർബാനയോടു ബന്ധപ്പെടുത്തി നടത്തുന്ന വിവാഹത്തിൽ, വിവാഹം ആശീർവ്വദിക്കുന്നതു മററൊരു വൈദികനാണെങ്കിലും കർബാന ചൊല്ലാനുള്ള വൈദികനും തിരുവസ്ത്രങ്ങളണിഞ്ഞു് ആരംഭംമുതലേ സന്നിഹിതനായിരിക്കണം.

2. താലിയും മന്ത്രകോടിയും വെഞ്ചരിക്കുമ്പോാം സന്നിഹിതരായിരിക്കുന്ന വൈദികർക്കെല്ലാം അതിന്മേൽ 'റൂശ്മ' ചെയ്യാവുന്നതാണു്. വിവാഹം ആശീർവ്വദിക്കുന്നതു മെത്രാനാണെങ്കിൽ അപ്രകാരം ചെയ്യുയില്ല.

3. വധൂവരന്മാർ ഉച്ചരിക്കേണ്ട പ്രതിജ്ഞാവാചകം നേരത്തെ എഴുതിത്തയ്യാറാക്കിവച്ചിരിക്കണം.

4. വിവാഹദിവസം വധൂവരന്മാക്കു രണ്ടു സാദ്ധ്യങ്ങളിലും വി. കർബാന നല്കുന്നതു നന്നായിരിക്കും.

malankaralibrary.com

# കൂദാശകൾ

## മാമ്മോദീസ

സജ്ജീകരിക്കേണ്ടവ:—

മാമ്മോദീസത്തൊട്ടിയുടെയടുത്തു് പാത്രത്തിൽ വെള്ളം, കൈ തുടയ്ക്കാൻ തുവാല, തൈലം തുടയ്ക്കാൻ പഞ്ഞി, ശിശുവിനെ അണിയിക്കുവാനുള്ള വെള്ള വസ്ത്രം, മെഴുകുതിരി, വെഞ്ചരിച്ച സൈത്തു്.

സൂചന: മാമ്മോദീസയുടെ സമയത്താണു സൈത്തു വെഞ്ചരിക്കുന്നതെങ്കിൽ അതിനുള്ള മൂറോനും (മെത്രാൻ വെഞ്ചരിച്ചതു്) കരുതിയിരിക്കണം.

തലതൊട്ടപ്പനും തലതൊട്ടമ്മയും ശിശുവിനോടു കൂടെ പള്ളിയുടെ വാതില്ക്കൽ തയ്യാറായി നില്ക്കുന്നു. കാർമ്മികനും ശുശ്രൂഷകരും തിരുവസ്ത്രങ്ങളണിഞ്ഞു ശിശുവിൻെറയടുക്കൽച്ചെന്നുനിന്നുകൊണ്ടു കർമ്മങ്ങൾ ആരംഭിക്കുന്നു.

സൂചന: ശിശുവിനോടുള്ള ചോദ്യങ്ങൾക്കെല്ലാം തലതൊട്ടപ്പനും തലതൊട്ടമ്മയും മറുപടി പറയുന്നു.

**കാർമ്മി:** (ശിശുവിനോടു്) നീ എന്താഗ്രഹിക്കുന്നു?

**ഉത്തരം:** മിശിഹായുടെ സഭയിൽ അംഗമാകുവാൻ ആഗ്രഹിക്കുന്നു.

malankaralibrary.com

**കാർമ്മി:** ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

കാർമ്മികൻ കുരിശു വരച്ചുകൊണ്ടു തുടരുന്നു.

**കാർമ്മി:** പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
(സമൂഹം കൂടി) അങ്ങയുടെ നാമം പൂജിതമാകണമേ.

അങ്ങയുടെ രാജ്യം വരണമേ.

അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നുവേണ്ട ആഹാരം

ഇന്നു ഞങ്ങൾക്കു തരണമേ.

ഞങ്ങളോടു തെററുചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെററുകൾ ഞങ്ങളോടുംക്ഷമിക്കണമേ.

ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.

തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ

രാജ്യവും ശക്തിയും മഹത്വവും

എന്നേയ്ക്കും അങ്ങയുടേതാകുന്നു ആമ്മേൻ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

malankaralibrary.com

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ അനുഗ്രഹം പ്രതീക്ഷിച്ചു വന്നിരിക്കുന്ന ഈ ദാസനെ (ദാസിയെ) അങ്ങയുടെ അജഗണത്തിൽ ചേർക്കുകയും, പ്രസാദവരത്താൽ പ്രകാശിപ്പിക്കുകയും ചെയ്യണമേ. ''ജലത്താലും പരിശുദ്ധാത്മാവിനാലും'' വീണ്ടും ജനിച്ച് 'പിതാവേ' എന്ന് അങ്ങയെ വിളിക്കുവാൻ ഈ ആളെ അർഹനാ (യാ) ക്കണമേ. പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു പുതിയ മനുഷ്യനെ ധരിക്കുവാനും മറെറാരു ക്രിസ്തുവായി വളരുവാനും ഈ ആളെ സഹായിക്കണമേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** (സ. 42) കാട്ടരുവി തേടിനടക്കുന്ന മാൻ പേടയെപ്പോലെ
എന്റെ ഹൃദയം അങ്ങയെത്തേടുന്നു.

**സമൂ:** ജീവന്റെ ദൈവത്തെക്കാണാൻ
എന്റെ ആത്മാവു ദാഹിക്കുന്നു.

**കാർമ്മി:** രാവും പകലും ഞാൻ കണ്ണുനീരു കുടിക്കുന്നു:
ഞാൻ എപ്പോഴാം എന്റെ ദൈവത്തെക്കാണും?

**സമൂ:** അങ്ങേ ശക്തമായ സംരക്ഷണത്തോടെ
ഞാൻ അങ്ങേ ഭവനത്തിൽ പ്രവേശിക്കും.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

malankaralibrary.com

കൈ ശിശുവിൻെറ ശിരസ്സിനു മുകളിൽ പിടിച്ചുകൊണ്ടു കാർമ്മികൻ ചൊല്ലുന്നു:

**കാർമ്മി:** ''ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും''(1) എന്നു് അരുളിച്ചെയ്ത കർത്താവേ, അങ്ങയുടെ മൗതികശരീരത്തിലെ അംഗമാകുവാൻ ആഗ്രഹിക്കുന്ന ഈ ദാസനെ (ദാസിയെ) സമൃദ്ധമായി അനുഗ്രഹിക്കണമേ. ജീവൻെറ അപ്പം തേടിവരുന്ന ഈ ദാസനെ (ദാസിയെ) ആത്മീയജീവൻെറ ഉറവിടത്തിലേയ്ക്കു് ആനയിക്കണമേ. തിരുസ്സഭയുടെ വാതില്ക്കൽ മുട്ടിവിളിക്കുന്ന ഈ ദാസനെ (ദാസിയെ) കാരുണ്യപൂർവ്വം അകത്തു പ്രവേശിപ്പിക്കണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

✠ ശിശുവിനെ ആശീർവ്വദിക്കുന്നു.

**സമൂ:** ആമ്മേൻ.

**കാർമ്മി:** (ശിശുവിനോടു്) പാപവും പാപമാർഗ്ഗങ്ങളും നീ ഉപേക്ഷിക്കുന്നുവോ?

**ഉത്തരം:** ഉപേക്ഷിക്കുന്നു.

**കാർമ്മി:** രക്ഷകനായ മിശിഹായെ നിൻെറ ദൈവമായി സ്വീകരിക്കുന്നുവോ?

**ഉത്തരം:** സ്വീകരിക്കുന്നു.

എല്ലാവരും മാമ്മോദീസാത്തൊട്ടിയുടെ പക്കലേയ്ക്കു പോകുന്നു. അവിടെനിന്നുകൊണ്ടു തുടരുന്നു. (കർബാനയോടു ബന്ധപ്പെടുത്തിയാണു മാമ്മോദീസ നല്കുന്നതെങ്കിൽ താഴെ ചെറിയ അക്ഷരത്തിൽ ചേർത്തിരിക്കുന്ന പ്രാർത്ഥനകളും ചൊല്ലേണ്ടതാണു്.)

---

(1) മ. 7:7.

malankaralibrary.com

**കാമ്മി:** സകലത്തിൻെറയും നാഥാ, (സമൂഹവുംകൂടി) ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഈശോമിശിഹായേ / ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ / അങ്ങു ഞങ്ങളുടെ ശരീരങ്ങളെ ഉയിപ്പിക്കുന്നവനും / ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാമ്മി:** സകലത്തിൻെറയും നാഥാ, അങ്ങു സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും, ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. അങ്ങയെ ആരാധിക്കുവാനും പുകഴ്ത്തുവാനും ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു.

**സമൂ:** ആമ്മേൻ.

**കാമ്മി:** ഞങ്ങളുടെ ദൈവമായ കർത്താവേ, ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനെയും പ്രകാശിപ്പിക്കണമേ. അതുവഴി സ്നേഹവും ശരണവും ഞങ്ങളിൽ വദ്ധിക്കുവാനും, ഞങ്ങൾ രക്ഷ പ്രാപിച്ചു നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

**സമൂ:** ആമ്മേൻ.

## ലേഖനം

**ശുശ്രൂ:** വിശുദ്ധ പൗലോസ്ശ്ലീഹാ റോമാക്കാർക്കു് എഴുതിയ ലേഖനം (6:1–4).

സഹോദരരേ, ദൈവം ക്ഷമിക്കുമെന്നു കരുതി വീണ്ടും പാപംചെയ്യുന്നതു ശരിയാണോ? ഒരിക്കലുമല്ല. പാപം പരിപൂർണ്ണമായി പരിത്യജിച്ചിരിക്കുന്ന നാം വീണ്ടും പാപികളായിത്തീരുകയോ? നാമെല്ലാവരും ഈശോമിശിഹായിൽ മാമ്മോദീസ മുങ്ങിയതു് അവിട

malankaralibrary.com

ത്തേ മരണത്തിൽ പങ്കുകാരാകുവാൻവേണ്ടിയാണെന്നു നിങ്ങരംക്കു് അറിഞ്ഞുകൂടെയോ? മാമ്മോദീസവഴി നാം അവിടത്തോടുകൂടെ മരിച്ചു സംസ്കരിക്കപ്പെടുന്നു. മിശിഹാ മരണശേഷം പിതാവിൻെറ മഹത്വത്തോടുകൂടെ ഉയി ത്തെഴുന്നേററു. അതുപോലെ നാമും ഒരു പുതിയ ജീവിതം നയിക്കേണ്ടിയിരിക്കുന്നു.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**ശുശ്രൂ:** നമുക്കു ശ്രദ്ധാപൂർവ്വംനിന്നു വിശുദ്ധ സുവിശേഷം ശ്രവിക്കാം.

## സുവിശേഷം

**കാർമ്മി:** നിങ്ങരംക്കു സമാധാനം.

**ശുശ്രൂ:** അങ്ങേയ്ക്കും സമാധാനം.

**കാർമ്മി:** വിശുദ്ധ യോഹന്നാൻ എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം (3:1—5).

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമ്മി:** ഫ്രീശന്മാരുടെ കൂട്ടത്തിൽ നിക്കൊദേമൂസ് എന്നു പേരുള്ള ഒരു യൂദപ്രമാണിയുണ്ടായിരുന്നു. അയാരം ഒരു രാത്രിയിൽ ഈശോയുടെയടുക്കൽച്ചെന്നു് ഇപ്രകാരം പറഞ്ഞു: ''ഗുരോ, അങ്ങു ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു ഉപദേഷ്ടാവാണെന്നു ഞങ്ങരം മനസ്സിലാക്കുന്നു. എന്തെന്നാൽ ദൈവം തൻെറകൂടെയില്ലെങ്കിൽ ഇങ്ങനെയുള്ള അത്ഭുതപ്രവൃത്തികരം ചെയ്യുവാൻ ആക്കും സാധ്യമല്ല.''

malankaralibrary.com

ഈശോ അയാളോടു പറഞ്ഞു: ''രണ്ടാമതു ജനിക്കാതെ ആക്കും ദൈവരാജ്യം കാണുവാൻ സാധിക്കയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു.'' അപ്പോാം നിക്കൊദേമൂസ് ഇപ്രകാരം ചോദിച്ചു: ''വൃദ്ധനായ ഒരു മനുഷ്യനു് അതു് എങ്ങനെ സാധിക്കും? മാതാവിന്റെ ഉദരത്തിൽ പ്രവേശിച്ചു രണ്ടാമതും ജനിക്കുവാൻ അയാാംക്കു കഴിയുമോ''?

ഈശോ അരുളിച്ചെയ്തു: ''ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കാത്തവനു ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു.''

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## വിശ്വാസപ്രഖ്യാപനം

**കാർമ്മി:** (ശിശുവിനോടു്) സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ നീ വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** അവിടത്തെ ഏകപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിൽ നീ വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽനിന്നു പിറന്നു് പന്തിയോസ് പീലാത്തോസിന്റെ കാലത്തു പീഡകാം സഹിച്ചു്, കുരിശിൽ തറയ്ക്കപ്പെട്ടു മരിച്ചു് അടക്കപ്പെട്ടു, പാതാ

malankaralibrary.com

ളങ്ങളിലിറങ്ങി. മരിച്ചവരുടെയിടയിൽനിന്ന മൂന്നാം നാം ഉയിത്ത സ്വഗ്ഗത്തിലേയ്ക്ക് എഴന്നള്ളി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്തിരിക്കുന്നുവെന്ന നീ വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** അവിടെനിന്ന ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരുമെന്ന നീ വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** പരിശുദ്ധാത്മാവിലും നീ വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** വിശുദ്ധ കത്തോലിക്കാസഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും നീ വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** ശരീരത്തിൻെറ ഉയിർപ്പിലും, നിത്യമായ ജീവിതത്തിലും നീ വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**സൈത്ത വെഞ്ചരിച്ചിട്ടില്ലെങ്കിൽ ഈ സമയത്താണ വെഞ്ചരിക്കേണ്ടതു്. അതിനുള്ള പ്രാത്ഥനകൾ അനുബന്ധത്തിൽ.**

malankaralibrary.com

## വെള്ളം വെഞ്ചരിക്കുന്നു

**കാർമ്മി:** പിതാവായ ദൈവമേ, അങ്ങയുടെ വത്സല പുത്രൻ മാമ്മോദീസ സ്വീകരിച്ചപ്പോൾ അവിടത്തേമേൽ ആവസിച്ച പരിശുദ്ധാത്മാവ് ഈ ജലം വിശുദ്ധീകരിക്കു മാറാകട്ടെ. മനുഷ്യസ്വഭാവത്തെ നവീകരിക്കുവാനും, ആത്മാവിനെയും ശരീരത്തെയും പവിത്രീകരിക്കുവാനു മുള്ള ശക്തി ഇതിനു പ്രദാനം ചെയ്യണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

✠ വെള്ളത്തിൻെറ മുകളിൽ കുരിശു വരയ്ക്കുന്നു.

**സമൂ:** ആമ്മേൻ.

**കാർമ്മി:** പാപത്തിൽനിന്നു മോചനവും, സ്വർഗ്ഗീയ മായ നവജീവനും പ്രദാനം ചെയ്യുന്ന ഈ ജലം, പിതാ വിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമ ത്തിൽ ആശീർവ്വദിക്കപ്പെടുകയും, വിശുദ്ധ തൈലത്തോടു കലർത്തപ്പെടുകയും ചെയ്യുന്നു. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

✠ തൈലത്തിൽ വിരൽമുക്കി വെള്ള ത്തിൽ കുരിശു വരയ്ക്കുന്നു.

**സമൂ:** ആമ്മേൻ.

## ലേപനം

ശിശുവിൻെറ പേരു് ചോദിച്ചറിയുന്നു.

**കാർമ്മി:** (പേരു് വിളിച്ചുകൊണ്ടു്)
പിതാവിൻെറയും പുത്രൻെറയും
പരിശുദ്ധാത്മാവിൻെറയും നാമത്തിൽ,
വിശുദ്ധ തൈലംകൊണ്ടു്

malankaralibrary.com

നിന്നെ ഞാൻ ലേപനം ✠ ചെയ്യുന്നു:
ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

✠ തള്ളവിരൽകൊണ്ടു ശിശുവിന്റെ നെററി യിലും നെഞ്ചിലും തൈലം പൂശുന്നു.

**ഉത്തരം:** ആമ്മേൻ.

## സ്നാപനം

**കാർമ്മി:** (പേരുവിളിച്ചുകൊണ്ട്)

**പിതാവിന്റെയും ✠**
**പുത്രന്റെയും ✠**
**പരിശുദ്ധാത്മാവിന്റെയും ✠**
**നാമത്തിൽ നിന്നെ ഞാൻ മാമ്മോ ദീസ മുക്കുന്നു.**

✠ ശിശുവിന്റെ ശിരസ്സിൽ ഓരോ പ്രാവ ശ്യവും കുരിശാകൃതിയിൽ വെള്ളം ഒഴിക്കുന്നു.

**ഉത്തരം:** ആമ്മേൻ.

## വെള്ളവസ്ത്രം നൽകുന്നു

ശിരസ്സു തുടച്ചശേഷം ശിശുവിനു വെള്ള വസ്ത്രം നൽകിക്കൊണ്ട്

**കാർമ്മി:** നമ്മുടെ കർത്താവീശോമിശിഹാ വിശുദ്ധി യുടെ വസ്ത്രത്താൽ നിന്നെ അലങ്കരിക്കയും, നിഷ്കളങ്കമായി ജീവിക്കുവാൻ നിന്നെ സഹായിക്കയും ചെയ്യട്ടെ.

**ഉത്തരം:** ആമ്മേൻ.

malankaralibrary.com

## തിരി നൽകുന്നു

ഒരു മെഴുകുതിരി കത്തിച്ച് ശിശുവിൻെറ കൈയിൽ കൊടുത്തുകൊണ്ട് കാർമ്മികൻ പറയുന്നു:

**കാർമ്മി:** ലോകത്തിൻെറ പ്രകാശമായ മിശിഹാ നിനക്കു മാർഗ്ഗദീപമായിരിക്കട്ടെ.

**ഉത്തരം:** ആമ്മേൻ.

## മദ്ബഹായിലേയ്ക്ക്

എല്ലാവരും പ്രദക്ഷിണമായി അഴിക്കാലിങ്കലേയ്ക്കു പോകുന്നു. തത്സമയം താഴെ കാണുന്ന പാട്ടുപാടാവുന്നതാണ്.

### ഗാനം

യോർദ്ദ്നാൻ നദിയിൽ മിശിഹാനാഥൻ
മാമ്മോദീസാ കൈക്കൊണ്ടുടനെ
നീലാകാശം വാതിൽ തുറക്കുന്നു.
യോർദ്ദ്നാൻ....

''എൻപ്രിയപുത്രനിതാ, വത്സലപുത്രനിതാ''
അംബരവീഥിയിലത്ഭുതമായൊരു
നാദം കേൾക്കുന്നു.
യോർദ്ദ്നാൻ....

കാർമ്മികൻ അഴിക്കാലിങ്കൽ എത്തുമ്പോൾ സമൂഹം താഴെക്കാണുന്ന പാട്ടുപാടുന്നു.

### ഗാനം

സർവ്വേശാ, നീ പരിശുദ്ധൻ:
ബലവാനേ, നീ പരിശുദ്ധൻ:

malankaralibrary.com

നിത്യനമർത്ത്യൻ പരിശുദ്ധൻ:
നിൻകൃപ ഞങ്ങൾക്കേകണമേ.

കാർമ്മികൻ ശിശുവിൻെറ നേരേ തിരിഞ്ഞു നില്ക്കുന്നു.

**കാർമ്മി:** മാമ്മോദീസ വഴി ദൈവപുത്രൻ (പുത്രി) ആയിത്തീർന്ന ഈ ആളോടുകൂടെ നമുക്കും സ്വർഗ്ഗസ്ഥനായ ദൈവത്തെ വിളിച്ചപേക്ഷിക്കാം.
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ;
(സമൂഹവുംകൂടി) അങ്ങയുടെ നാമം
പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ
ഭൂമിയിലുമാകണമേ.
അന്നന്നുവേണ്ട ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളോടു തെറ്റുചെയ്യുന്നവരോടു ഞങ്ങൾ
ക്ഷമിക്കുന്നതുപോലെ
ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും
ക്ഷമിക്കണമേ.
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.
തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.
എന്തുകൊണ്ടെന്നാൽ
രാജ്യവും ശക്തിയും മഹത്വവും
എന്നേക്കും അങ്ങയുടേതാകുന്നു ആമ്മേൻ.

**കാർമ്മി:** പ്രിയ സഹോദരരേ, മാമ്മോദീസവഴി തിരുസ്സഭയുടെ അംഗമായിത്തീർന്നിരിക്കുന്ന ഈ ശിശുവിൻെറ ആദ്ധ്യാത്മികമായ വളർച്ചയെ കഴിയുംവിധം സഹായിക്കുവാൻ നമുക്കെല്ലാവർക്കും, പ്രത്യേകിച്ചു തലതൊട്ടവർക്കു കടമയുണ്ട്. ഈ ശിശുവിനുവേണ്ടി നമുക്കു് ഇപ്പോൾ ദൈവത്തോടു പ്രാർത്ഥിക്കാം.

malankaralibrary.com

## സമൂഹപ്രാർത്ഥന

**ശുശ്രൂ:** ഞങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെട്ടുകയും, മഹത്വത്തോടേ ഉയിർത്തെഴുന്നേല്ക്കുകയുംചെയ്ത കർത്താവേ, പാപത്തിൽ മരിച്ചു നവജീവൻ പ്രാപിച്ചിരിക്കുന്ന ഈ ശിശുവിനെ വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ നയിച്ചുകൊള്ളണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** പരിശുദ്ധാത്മാവിന്റെ ആലയമായിത്തീർന്നിരിക്കുന്ന (1) ഈ ശിശുവിനെ ആത്മികവും ശാരീരികവുമായ എല്ലാ വിപത്തുകളിലും നിന്നു കാത്തുരക്ഷിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** ദൈവജനത്തിന്റെ ഗണത്തിൽ അംഗമായിത്തീർന്നു് രാജകീയപൗരോഹിത്യം സ്വീകരിച്ചിരിക്കുന്ന ഈ ശിശുവിനെ വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ നയിച്ചുകൊള്ളണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** മാമ്മോദീസയിൽ ലഭിച്ച പരിശുദ്ധി അഭംഗം പാലിച്ചുകൊണ്ടുപോകുവാൻ ഈ ശിശുവിനെ

(1) 1 കൊറി. 3:16. (2) ലൂക്കാ 2:52.

malankaralibrary.com

സഹായിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പിൽ വിശുദ്ധിയിലും വിവേകത്തിലും വളർന്നുവരുവാൻ (2) ഈ ശിശുവിനെ അനുഗ്രഹിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അനന്തമായ കാരുണ്യത്താൽ അങ്ങയുടെ സഭയിലേക്കു സ്വീകരിച്ചിരിക്കുന്ന ഈ പുതിയ അംഗത്തെ ആശീർവ്വദിക്കണമേ. മാതാപിതാക്കന്മാർക്കു് ആശാകേന്ദ്രവും, കുടുംബത്തിനു പ്രകാശവുമായിത്തീരുവാൻ ഈ ആളെ സഹായിക്കണമേ. സ്വർഗ്ഗരാജ്യത്തിലെത്തിച്ചേരുവോളം, സ്നേഹം നിറഞ്ഞ അങ്ങേ പരിപാലനയുടെ തണലിൽ ഈ ദാസനെ(ദാസിയെ) സംരക്ഷിച്ചുകൊള്ളണമേ.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

തുടർന്നു കർബാനയില്ലെങ്കിൽ താഴെ വരുന്ന മദ്ധ്യസ്ഥപ്രാർത്ഥനയും സമാപനാശീർവ്വാദവും ചൊല്ലി അവസാനിപ്പിക്കുന്നു.

മാമ്മോദീസയോടുകൂടെ കർബാന ചൊല്ലുന്നുണ്ടെങ്കിൽ മുകളിൽ ചേർത്തി

---

(2) ലൂക്കാ 2:52.

malankaralibrary.com

രിക്കുന്ന 'പ്രാർത്ഥിക്കാം: നമുക്ക സമാധാനം' എന്നതിനുപകരം ശുശ്രൂഷി 'നമുക്ക തലകുനിച്ച് ആശീർവ്വാദം സ്വീകരിക്കാം' എന്നു ചൊല്ലുകയും, കാർമ്മികൻ കൈവയ്പ്പു പ്രാർത്ഥന (കർത്താവേ അങ്ങേ അഭിഷിക്തൻ....) ചൊല്ലി കുർബാന തുടരുകയും ചെയ്യുന്നു. കുർബാനയിലെ സമാപനാശീർവ്വാദം, അതിനുമുമ്പുള്ള സ്ലോസ എന്നിവയ്ക്കു പകരം താഴെ കൊടുത്തിരിക്കുന്നവയാണു ചൊല്ലേണ്ടത്.

## മദ്ധ്യസ്ഥപ്രാർത്ഥന

**കാർമ്മി:** പരിശുദ്ധ കന്യകാമറിയത്തിൻെറയും, മാർ യൗസേപ്പിൻെറയും, വിശുദ്ധ ശ്ലീഹന്മാരുടെയും പ്രാർത്ഥനകളും, ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും വേദസാക്ഷികളുടെയും സകല വിശുദ്ധരുടെയും മദ്ധ്യസ്ഥതയും, ഈ ശിശുവിൻെറ നാമത്തിനു കാരണഭൂതനായ വിശുദ്ധൻെറ (കാരണഭൂതയായ വിശുദ്ധയുടെ) അപേക്ഷയും ഈ ശിശുവിനെ നിരന്തരം സഹായിക്കുമാറാകട്ടെ.

**സമൂ:** ആമ്മേൻ.

## സമാപനാശീർവ്വാദം

**കാർമ്മി:** പിശാചിൻെറ അടിമത്തത്തിൽനിന്നു ദൈവമക്കളുടെ പദവിയിലേയ്ക്കു നിന്നെ ഉയർത്തിയ ദൈവം ജീവിതത്തിൻെറ എല്ലാദിവസവും നിന്നെ സഹായിക്കുമാറാകട്ടെ. കണ്ണു കണ്ടിട്ടില്ലാത്തതും, കാതു കേട്ടിട്ടില്ലാത്തതും, ഹൃദയം ആസ്വദിച്ചിട്ടില്ലാത്തതുമായ സ്വർഗ്ഗഭാഗ്യ

malankaralibrary.com

ത്തിനു് അവകാശി(നി)യായിത്തീരുന്നതുവരെ ആപത്തു കളിൽ തുണയും, സങ്കടങ്ങളിൽ ആശ്വാസവും, പരീക്ഷ കളിൽ ബലവും നൽകി അവിടന്നു നിന്നെ സംരക്ഷി ക്കട്ടെ. ഈ തിരുകർമ്മങ്ങളിൽ പങ്കുകൊണ്ട എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

✠ ശിശുവിനെ ആശീർവ്വദിക്കുന്നു.

**സമൂ:** ആമ്മേൻ.

malankaralibrary.com

# സ്ഥൈര്യലേപനം

സജ്ജീകരിക്കേണ്ടവ:

അഴിക്കാലിനടുത്തു് ഒരു മേശമേൽ മൂറോൻ, നെററിതുടയ്ക്കുവാനുള്ള പഞ്ഞി, അല്ലെങ്കിൽ തുണിക്കഷണങ്ങളും, കൈ കഴുകുവാൻ വെള്ളം, റൊട്ടിക്കഷണം, സോപ്പ്, കൈ തുടയ്ക്കുവാനുള്ള തുവാല എന്നിവ വച്ചിരിക്കണം.

കാർമ്മികൻ തിരുവസ്ത്രങ്ങളണിയു മ്പോഴും കൂദാശ സ്വീകരിക്കുവാനുള്ളവർ താഴെക്കാണുന്ന പാട്ടു പാടുന്നതു നന്നായിരിക്കും.

## ഗാനം

സകലേശാ, നിൻ വത്സലസുതരെ
തൃക്കൺപാർക്കണമേ:
ദൈവാത്മാവിൻ വരങ്ങളാലേ
പൂരിതരാക്കണമേ.

സകലേശാ....

1 ധീരതകലരും പടയാളികളായ്
ഞങ്ങളിറങ്ങട്ടെ:
നിന്നുടെ രാജ്യം വിസ്തൃതമാക്കാൻ
ഞങ്ങളിറങ്ങട്ടെ.

സകലേശാ....

2 പരിപാവനമാം പാതയിലൂടെ
പറന്നു മുന്നേറാൻ
വരമേകണമേ, വളർന്നു പുത്തൻ
പൂക്കളണിഞ്ഞിടുവാൻ.

സകലേശാ....

malankaralibrary.com

കാർമ്മികൻ വി. കുർബ്ബാനയ്ക്കുള്ള തിരു വസ്ത്രങ്ങളണിഞ്ഞു ശുശ്രൂഷകരോടു കൂടെ മദ്ബഹായിൽ പ്രവേശിച്ചു വന്ദനം ചെയ്തശേഷം സ്ഥൈര്യലേപനം സ്വീകരിക്കാനുള്ളവരുടെനേരെ തിരിഞ്ഞു് ഇപ്രകാരം ചോദിക്കുന്നു.

**കാർമ്മി:** പ്രിയ സഹോദരരേ, (പ്രിയ കുഞ്ഞു ങ്ങളേ) നിങ്ങൾ എന്താഗ്രഹിക്കുന്നു.

**ഉത്തരം:** പരിശുദ്ധാത്മാവിനെ സ്വീകരിക്കു വാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

**കാർമ്മി:** ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

കാർമ്മികൻ കുരിശു വരച്ചുകൊണ്ടു് തുടരുന്നു.

**കാർമ്മി:** പിതാവിന്റെയും ✠ പുത്രന്റെയും പരി ശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാ വേ (സമൂഹവും കൂടി) അങ്ങയുടെ നാമം പൂജിത മാകണമേ.

അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സു് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

malankaralibrary.com

അന്നന്നുവേണ്ട ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളോടു തെററുചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ
ഞങ്ങളുടെ തെററുകൾ ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.
തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.
എന്തുകൊണ്ടെന്നാൽ
രാജ്യവും ശക്തിയും മഹത്വവും
എന്നേക്കും അങ്ങയുടേതാകുന്നു ആമ്മേൻ.

**സമൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ടു സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവാനും, ഉത്തമജീവിതം നയിച്ച ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ; എന്റെ അപേക്ഷ ചെവിക്കൊള്ളണമേ(1)

**സമൂ:** അങ്ങേപ്പക്കലേയ്ക്കു ഞാൻ കൈനീട്ടുന്നു:
വരണ്ടുണങ്ങിയ ഭൂമിയെന്നപോലെ
എന്റെ ആത്മാവ് അങ്ങയെപ്രതി ദാഹിക്കുന്നു.

**കാർമ്മി:** ഞാൻ സഞ്ചരിക്കേണ്ട വഴികൾ
അങ്ങുന്ന് എന്നെ പഠിപ്പിക്കണമേ.

**സമൂ:** എന്തെന്നാൽ എന്റെ ആത്മാവിനെ
അങ്ങേപ്പക്കലേയ്ക്കു ഞാനുയർത്തി.

(1) സ. 42.

malankaralibrary.com

**കാർമ്മി:** ശത്രുക്കളിൽനിന്ന് എന്നെ രക്ഷിക്കണമേ, അങ്ങേ ഇഷ്ടാനുസരണം ജീവിക്കുവാൻ എന്നെ പഠിപ്പിക്കയും ചെയ്യണമേ.

**സമൂ:** അങ്ങുന്ന് എന്റെ ദൈവമാകുന്നു: ജീവന്റെ വഴിയിലൂടെ സഞ്ചരിക്കുവാൻ
അങ്ങുന്ന് എന്നെ സഹായിക്കണമേ.

**കാർമ്മി:** പിതാവിനും പുത്രനും
പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയ പുത്രൻ സ്വർഗ്ഗത്തിൽനിന്ന് എഴുന്നള്ളിവരുമ്പോൾ, അങ്ങയുടെ സ്നേഹത്താൽ സുരഭിലമായ ഹൃദയത്തോടും അങ്ങയുടെ ജ്ഞാനത്താൽ പ്രകാശിതമായ ആത്മാവോടുംകൂടെ ആനന്ദപൂർവ്വം അവിടത്തെ എതിരേല്ക്കുവാനും, അനുഗ്രഹസമ്പന്നമായ സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സകലത്തിന്റെയും നാഥാ,
(സമൂഹവും കൂടി) ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.
ഈശോമിശിഹായേ,
ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ
അങ്ങു ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

malankaralibrary.com

**കാർമ്മി:** സകലത്തിന്റെയും നാഥാ, അങ്ങ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. അങ്ങയെ ആരാധിക്കുവാനും പുകഴ്ത്തുവാനും ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** നമുക്കു സ്വരമുയർത്തി
സജീവനായ ദൈവത്തെ പ്രകീർത്തിക്കാം.

**സമൂ:** സർവ്വേശാ, നീ പരിശുദ്ധൻ;
ബലവാനേ, നീ പരിശുദ്ധൻ;
നിത്യനമർത്ത്യൻ പരിശുദ്ധൻ;
നിൻകൃപ ഞങ്ങൾക്കേകണമേ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, കാരുണ്യപൂർവ്വം ഞങ്ങളെ കടാക്ഷിക്കയും അനുഗ്രഹിക്കയും ചെയ്യണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കണമേ. അതുവഴി സ്നേഹവും ശരണവും ഞങ്ങളിൽ വർദ്ധിക്കുവാനും, ഞങ്ങൾ രക്ഷപ്രാപിച്ചു നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

**സമൂ:** ആമ്മേൻ.

malankaralibrary.com

# വിശുദ്ധഗ്രന്ഥ വായന

**വിജ്ഞാപനം**

പരിശുദ്ധാത്മാവിനെ സ്വീകരിച്ചു കഴിയുമ്പോഴാണ് നമ്മുടെ ക്രിസ്തീയ ജീവിതം പരിപുഷ്ടമായിത്തീരുന്നത്. അതിനാൽ തിരുസ്സഭയുടെ ആരംഭം മുതൽ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ ക്രിസ്ത്യാനികൾ ഉത്സുകരായിരുന്നു. സമറിയായിലെ ക്രിസ്ത്യാനികൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതായി ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗമാണ് ഇവിടെ വായിക്കാൻ പോകുന്നത്.

**ശുശ്രൂ:** ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽ നിന്നുള്ള വായന:(1)

സമറിയാക്കാർ ദൈവവചനം സ്വീകരിച്ചെന്നു കേട്ടപ്പോൾ ജെറുസലത്തുണ്ടായിരുന്ന ശ്ലീഹന്മാർ പത്രോസിനെയും യോഹന്നാനെയും അങ്ങോട്ടയച്ചു. അവർ ചെന്ന്, സമറിയാക്കാരിൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവരുവാൻ അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അതുവരെ അവർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചിട്ടില്ലായിരുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ നാമത്തിൽ മാമ്മോദീസ മുങ്ങുക മാത്രമേ ചെയ്തിട്ടുണ്ടായിരുന്നുള്ളു. അവർ സമറിയാക്കാരുടെമേൽ കൈവയ്ക്കുകയും, അങ്ങനെ അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

---

(1) നടപടി 8: 14–17.

malankaralibrary.com

[അല്ലെങ്കിൽ]

വിജ്ഞാപനം

മിശിഹാ പരിശുദ്ധാത്മാവിനെ അയയ്ക്കാമെന്നു ശ്ലീഹന്മാരോടു വാഗ്ദാനം ചെയ്തിരുന്നു. അവിടത്തെ സ്വർഗ്ഗാരോഹണത്തിനുശേഷം അവർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് അവരിൽ എഴുന്നള്ളിവന്നു. ആ ചരിത്രമാണു വായിക്കാൻ പോകുന്നതു്.

**ശുശ്രൂ:** ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽ നിന്നുള്ള വായന: (1)

പന്തക്കുസ്താത്തിരുനാളിന്റെ അവസാനഘട്ടത്തിൽ അവരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു. പെട്ടെന്നു് ആകാശത്തുനിന്നു് കൊടുങ്കാററടിക്കുന്നതുപോലെ ഒരു ശബ്ദമുണ്ടായി. അതു് അവരുടെ വീടു മുഴുവൻ വ്യാപിച്ചു. അഗ്നിജ്ജ്വാലപോലെ പിളർന്നിരുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. അവ അവരോരുത്തരുടെയും മേൽ ചെന്നു് ഇരുന്നു. അങ്ങനെ അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി. പരിശുദ്ധാത്മാവു നൽകിയ വരം നിമിത്തം അവർ വിവിധ ഭാഷകൾ സംസാരിച്ചു തുടങ്ങുകയും ചെയ്തു.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

---

(1) നടപടി 2:1–4.

malankaralibrary.com

## സുവിശേഷം

വിജ്ഞാപനം

അവസാനത്തെ അത്താഴം കഴിഞ്ഞുള്ള സംഭാഷണത്തിൽ മിശിഹാ പരിശുദ്ധാത്മാവിനെക്കുറിച്ച് തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്ത വാക്കുകളാണ് ഇപ്പോൾ വായിക്കുന്നത്.

**കാർമ്മി:** നിങ്ങൾക്കു സമാധാനം.

**സമൂ:** അങ്ങേയ്ക്കും സമാധാനം.

**കാർമ്മി:** വിശുദ്ധ യോഹന്നാൻ എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം: (2)

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഈശോ അരുളിച്ചെയ്തു: ''എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പനകൾ അനുസരിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കയും, ഞങ്ങൾ വന്ന് അവന്റെകൂടെ വാസമുറപ്പിക്കയുംചെയ്യും. എന്നെ സ്നേഹിക്കാത്തവൻ എന്റെ കല്പനകൾ അനുസരിക്കയില്ല. നിങ്ങൾ ഇപ്പോൾ കേട്ട വാക്കുകൾ എന്റേതല്ല; എന്നെ അയച്ച എന്റെ പിതാവിന്റേതാകുന്നു. ഞാൻ നിങ്ങളുടെകൂടെ ആയിരിക്കുമ്പോൾ ഇതെല്ലാം നിങ്ങളോടു പറഞ്ഞിട്ടുണ്ടല്ലോ. എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന ആശ്വാസദായകൻ—പരിശുദ്ധാത്മാവ്—സകലതും നിങ്ങൾക്കു വിശദമാക്കിത്തരും. ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കയും ചെയ്യും.''

**ഉത്തരം:** നമ്മുടെ കർത്താവായമിശിഹായ്ക്കു സ്തുതി.

പ്രസംഗം

(2) യോഹ. 14:23—26.

malankaralibrary.com

## വാഗ്ദാനനവീകരണം

വിജ്ഞാപനം

മാമ്മോദീസ സ്വീകരിച്ചപ്പോഠം നിങ്ങഠം ചെയ്ത വാഗ്ദാനം ഇപ്പോഠം നവീകരിക്കാൻ പോവുകയാണ്. അന്നു നിങ്ങഠംക്കുവേണ്ടി തലതൊട്ടപ്പനും തലതൊട്ടമ്മയുമാണ് ആ വാഗ്ദാനം ചെയ്തതെങ്കിൽ ഇന്നു നിങ്ങഠം തന്നെ സ്വമനസ്സാ അതിന്റെ അർത്ഥം ശരിക്കു മനസ്സിലാക്കി അതു നവീകരിക്കണം. ഈ ചോദ്യങ്ങഠംക്കു മറുപടി നൽകിക്കൊണ്ടു നിങ്ങഠം അതു നിർവ്വഹിക്കുവിൻ.

**കാർമ്മി:** പാപവും പാപമാർഗ്ഗങ്ങളും നിങ്ങഠം ഉപേക്ഷിക്കുന്നുവോ?

**ഉത്തരം:** ഉപേക്ഷിക്കുന്നു.

**കാർമ്മി:** സർവ്വശക്തനായ പിതാവും, ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ നിങ്ങഠം വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** അവിടത്തെ ഏകപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിൽ നിങ്ങഠം വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽനിന്നു പിറന്നു. പന്തിയോസ് പിലാത്തോസിന്റെ കാലത്തു പീഡകഠം സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ടു മരിച്ച് അടക്കപ്പെട്ടു.

malankaralibrary.com

പാതാളങ്ങളിലിറങ്ങി, മരിച്ചവരുടെയിടയിൽനിന്ന മൂന്നാംനാം ഉയിർത്ത സ്വർഗ്ഗത്തിലേയ്ക്ക് എഴുന്നള്ളി, സർവ്വ ശക്തിയുള്ള പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്തിരിക്കുന്നുവെന്ന നിങ്ങരം വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** അവിടെനിന്ന ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരുമെന്ന നിങ്ങരം വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** പരിശുദ്ധാത്മാവിലും നിങ്ങരം വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** വിശുദ്ധ കത്തോലിക്കാസഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും നിങ്ങരം വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** ശരീരത്തിൻെറ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും നിങ്ങരം വിശ്വസിക്കുന്നുവോ?

**ഉത്തരം:** വിശ്വസിക്കുന്നു.

**കാർമ്മി:** പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ നിങ്ങരം ആഗ്രഹിക്കുന്നുവോ?

**ഉത്തരം:** ആഗ്രഹിക്കുന്നു.

**കാർമ്മി:** ശ്ലീഹന്മാരിലേയ്ക്ക് എഴുന്നള്ളിവന്ന

malankaralibrary.com

പരിശുദ്ധാത്മാവു നമ്മിലേയ്ക്കും എഴുന്നള്ളിവരുവാൻ നമുക്കു പ്രാർത്ഥിക്കാം.

എല്ലാവരുംകൂടി താഴെവരുന്ന പാട്ടു പാടുന്നു.

## ഗാനം

പരിശുദ്ധാത്മാവേ, നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ;
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

പരിശുദ്ധാത്മാവേ....

1. സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ,
അന്ധകാര വിരിപ്പുമാററിടും
ചന്തമേറുന്ന ദീപമേ,
കേഴുമാത്മാവിലാശവീശുന്ന
മോഹനദിവ്യഗാനമേ.

പരിശുദ്ധാത്മാവേ....

2 വിണ്ടുണങ്ങിവരണ്ടമാനസം
കണ്ട വിണ്ണിൻ തടാകമേ,
മന്ദമായ്‌വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ,
രക്തസാക്ഷികളാഞ്ഞു പുൽകിയ
പുണ്യജീവിതപാത നീ.

പരിശുദ്ധാത്മാവേ....

**കാർമ്മി:** സർവ്വശക്തനായ ദൈവമേ, അങ്ങയുടെ കാരുണ്യം അനന്തവും അത്ഭുതകരവുമാകുന്നു. പാപ

malankaralibrary.com

ത്തിന്റെ അടിമകളായിത്തീർന്നിരുന്ന ഞങ്ങളെ പരിത്യജിക്കാതെ അങ്ങയുടെ വത്സലപുത്രനെ അയച്ച സ്വർഗ്ഗഭാഗ്യത്തിന വീണ്ടും ഞങ്ങളെ അർഹരാക്കിത്തീർത്ത. മാമ്മോദീസവഴി ഞങ്ങളെ വിശുദ്ധീകരിക്കയും ദൈവപുത്രസ്ഥാനത്തേയ്ക്കു ഉയർത്തുകയും ചെയ്തു. പരിശുദ്ധാത്മാവിനെ അയച്ച വിശ്വാസത്തിൽ ഞങ്ങളെ ഉറപ്പിച്ചു. അങ്ങയുടെ നിരന്തരമായ അനുഗ്രഹവർഷത്തെക്കുറിച്ച വിനയപൂർവ്വം ഞങ്ങൾ അങ്ങയോടു നന്ദിപറയുന്നു.

**സമൂ:** ആമ്മേൻ.

വിജ്ഞാപനം:

കൂദാശയുടെ ഏറ്റവും പ്രധാനമായ ഭാഗത്തേയ്ക്ക നാം പ്രവേശിക്കയാണ്. പരിശുദ്ധാത്മാവു നിങ്ങളിലേയ്ക്കു എഴുന്നള്ളിവരുവാൻ കാർമ്മികൻ പ്രാത്ഥിക്കയും, തൈലാഭിഷേകത്താൽ നിങ്ങളിൽ മുദ്ര പതിക്കയും ചെയ്യുന്നു. (കാർമ്മികൻ വലതുകൈ നീട്ടിപ്പിടിച്ചു കൊണ്ടു പ്രാർത്ഥിക്കുന്നു.)

**കാർമ്മി:** സർവ്വശക്തനായ ദൈവമേ, ഞങ്ങളുടെ കർത്താവീശോമിശിഹാ പ്രത്യക്ഷനാകുമ്പോൾ, ഇവരെല്ലാവരും നിത്യജീവിതത്തിന് അർഹരാകുവാൻവേണ്ടി, അങ്ങയുടെ പരിശുദ്ധാത്മാവിനെ അയച്ച് ഇവരെ വിശുദ്ധീകരിക്കയും കളങ്കരഹിതരായി ജീവിക്കുവാനുള്ള അനുഗ്രഹം ഇവർക്കു നൽകുകയും ചെയ്യണമേ.

**സമൂ:** ആമ്മേൻ.

malankaralibrary.com

കാർമ്മികൻ ശിരസ്സിൽ കൈവച്ച് ഓരോരുത്തരുടെയും പേർ വിളിച്ച്, താഴെ വരുന്ന വാചകംചൊല്ലി, തള്ളവിരൽ കൊണ്ടു നെററിയിൽ കുരിശാകൃതിയിൽ മൂറോൻ പൂശുന്നു. കൂദാശ സ്വീകരിക്കുന്നയാൾ ആമ്മേൻ എന്നു പറയുന്നു.

**......ദൈവമായ മിശിഹായുടെ തൈലത്താൽ സത്യവിശ്വാസത്തിന്റെ പരിമളത്താൽ പരിശുദ്ധാത്മാവിന്റെ കൃപാവരപൂർണ്ണതയുടെ മുദ്രയാൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ അടയാളപ്പെടുത്തുന്നു.**

**ഉത്തരം:** ആമ്മേൻ.

പൂശിക്കഴിയുമ്പോൾ ഡീക്കൻ പഞ്ഞി കൊണ്ട് നെററി തുടയ്ക്കുന്നു. തൈലാഭിഷേകസമയത്ത് താഴെക്കാണുന്ന പാട്ട് പാടാവുന്നതാണ്. ആവശ്യമെങ്കിൽ 'പരിശുദ്ധാത്മാവേ' എന്ന പാട്ടും പാടാം.

## ഗാനം

ശ്ലീഹന്മാരിലിറങ്ങിവസിച്ചൊരു
പരിശുദ്ധാത്മാവേ,
നിൻപ്രിയസുതരെ ദിവ്യവരത്താൽ
പൂരിതരാക്കണമേ.

ശ്ലീഹന്മാരി....

malankaralibrary.com

സ്നേഹം നട്ടുവളർത്തിയ പാവന–
ശാന്തിപരത്തിടുവാൻ
തളർന്നു താഴും കരളിൽപ്പുത്തൻ
ജീവനുണർത്തിടുവാൻ.

ശ്ലീഹന്മാരി....

ഇരുണ്ടുപുകയും മാനസവേദിയി–
ലാശകൊളുത്തിടുവാൻ
കരഞ്ഞുമങ്ങിയ കണ്ണിൽക്കാഞ്ചന–
കാന്തിവിരിച്ചിടുവാൻ.

ശ്ലീഹന്മാരി....

വരണ്ടുണങ്ങിയ മരുവിൽച്ചന്ദന–
കുളിർകാറ്റൂതിടുവാൻ
കരിഞ്ഞുണങ്ങിയ തരുവിൽപ്പൂന്തളിർ–
പുളകം ചാർത്തിടുവാൻ.

ശ്ലീഹന്മാരി....

**തൈലാഭിഷേകംകഴിയുമ്പോരം കാർമ്മികൻ കൈകരം കഴുകുന്നു. തുടർന്നു ശുശ്രൂഷി സമൂഹപ്രാർത്ഥന ചൊല്ലുന്നു.**

## സമൂഹപ്രാർത്ഥന

**ശുശ്രൂ:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെനിന്നു പരിശുദ്ധാത്മാവിനെ നമുക്ക് അയച്ചുതന്ന കർത്താവിനോടു നന്ദിപറയാം.

**സമൂ:** കർത്താവേ, ഞങ്ങരം അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂ:** പാപങ്ങളെല്ലാം കഴുകിക്കളഞ്ഞു്, പരിശുദ്ധാത്മാവിൻെറ ജീവനുള്ള ആലയങ്ങളായി, ഞങ്ങളെ രൂപാന്തരപ്പെടുത്തിയതിനെക്കുറിച്ചു്

**സമൂ:** കർത്താവേ, ഞങ്ങരം അങ്ങയോടു നന്ദിപറയുന്നു.

malankaralibrary.com

**ശുശ്രൂ:** അങ്ങയുടെ മഹത്വമേറിയ ജീവനിൽ ഞങ്ങളെയും പങ്കാളികളാക്കിയതിനെക്കുറിച്ച്

**സമൂ:** കർത്താവേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂ:** പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നല്കി വിശ്വാസത്തിൽ ഞങ്ങളെ ഉറപ്പിച്ചതിനെക്കുറിച്ച്

**സമൂ:** കർത്താവേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂ:** അങ്ങയെപ്രതി പീഡകൾ സഹിക്കുവാനും അങ്ങയുടെ രാജ്യം വിസ്തൃതമാക്കുവാനും ഞങ്ങളെ ശക്തരാക്കിയതിനെക്കുറിച്ച്

**സമൂ:** കർത്താവേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂ:** മാതൃകവഴി അങ്ങേയ്ക്കു സാക്ഷ്യം വഹിക്കുവാനും പ്രവർത്തനംവഴി അങ്ങയുടെ പ്രകാശം പരത്തുവാനുമായി കാരുണ്യപൂർവ്വം ഞങ്ങളെ തിരഞ്ഞെടുത്തതിനെക്കുറിച്ച്

**സമൂ:** കർത്താവേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** പരിശുദ്ധാത്മാവിന്റെ വരങ്ങളാൽ ശിഷ്യന്മാരെ ധന്യരാക്കിയ കാരുണ്യവാനായ കർത്താവേ, അവിടത്തെ ദാനങ്ങൾകൊണ്ടു ഞങ്ങളെ സമ്പന്നരാക്കുകയും സ്വർഗ്ഗീയവരങ്ങളാൽ ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്യണമേ.

**സമൂ:** ആമ്മേൻ.

കർബാനയില്ലെങ്കിൽ താഴെക്കാണുന്ന സമാപനാശീർവ്വാദം ചൊല്ലി അവസാനിപ്പിക്കുന്നു.

malankaralibrary.com

കർബാനയുണ്ടെങ്കിൽ 'നമുക്ക തല കനിച്ച് ആശീർവ്വാദം സ്വീകരിക്കാം' എന്ന ശുശ്രൂഷി ചൊല്ലുകയും 'കർത്താവേ, അങ്ങേ അഭിഷിക്തനു....' എന്ന പ്രാർത്ഥനചൊല്ലി പുരോഹിതൻ കർബാന തുടരുകയും ചെയ്യുന്നു. കർബാനയിലെ സമാപനാശീർവ്വാദത്തിനുപകരം താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ചൊല്ലുന്നു.

## സമാപനാശീർവ്വാദം

**കാർമ്മി:** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയാൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ച നിങ്ങൾ അവിടത്തെ ആലയങ്ങളായിത്തീരട്ടെ. പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ നിങ്ങളിൽ ഫലമണിയട്ടെ. പരസ്നേഹത്തിൻെറ പ്രമാണം പ്രായോഗികമാക്കിക്കൊണ്ടു ലോകത്തെ നവീകരിക്കുവാൻ ദൈവം നിങ്ങളെ ശക്തരാക്കട്ടെ. മിശിഹായെ അനുകരിക്കുവാനും, സുവിശേഷത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടു തീക്ഷ്ണതയുള്ള പ്രേഷിതരാകുവാനും പരിശുദ്ധാത്മാവു നിങ്ങളെ സഹായിക്കട്ടെ. ഈ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച എല്ലാവരും പരിശുദ്ധാത്മാവിൻെറ വരങ്ങളാൽ സമ്പൂർണ്ണരാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

ആശീർവ്വദിക്കുന്നു.

**ഉത്തരം:** ആമ്മേൻ.

.........

malankaralibrary.com

# രോഗിലേപനം

രോഗിലേപനത്തിനു പോകുമ്പോൾ ഒരു ചെറിയ കുരിശും, രണ്ടു തിരികളും, ഊറാറയും, സൈത്തും കരുതിയിരിക്കേണ്ടതാണ്.

രോഗിലേപനത്തിനുമുമ്പ് ആവശ്യമുണ്ടെങ്കിൽ കുമ്പസാരിപ്പിക്കുന്നു. ലേപനം കഴിഞ്ഞാണ് വി. കുർബാന നൽകേണ്ടത്.

രോഗിയുടെ സമീപം ഒരു മേശമേൽ കുരിശുരൂപം സ്ഥാപിച്ചു രണ്ടുവശത്തും തിരികൾ കത്തിച്ചുവച്ചശേഷം പുരോഹിതൻ ഊറാറ ധരിച്ചു പ്രാർത്ഥനയാരംഭിക്കുന്നു.

**കാർമ്മി:** പിതാവിൻെറയും ✠ പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ (സമൂഹവുംകൂടി) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ.

malankaralibrary.com

അങ്ങയുടെ തിരുമനസ്സ സ്വർഗ്ഗത്തിലെപ്പോലെ
ഭൂമിയിലുമാകണമേ.

അന്നന്നുവേണ്ട ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളോട്ട തെററുചെയ്യുന്നവരോട്ട
ഞങ്ങൾ ക്ഷമിക്കുന്നതുപോലെ
ഞങ്ങളുടെ തെററുകൾ ഞങ്ങളോട്ടം ക്ഷമിക്കണമേ.
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.
തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.
എന്തുകൊണ്ടെന്നാൽ
രാജ്യവും ശക്തിയും മഹത്വവും
എന്നേയ്ക്കും അങ്ങയുടേതാകുന്നു ആമ്മേൻ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** രോഗികളെ സുഖപ്പെടുത്തുന്നവനും, ബലഹീനരെ ശക്തിപ്പെടുത്തുന്നവനും, പാപികളെ രക്ഷിക്കുന്നവനുമായ കർത്താവേ, മാനസികവും ശാരീരികവുമായ ക്ലേശങ്ങളിൽ ഞങ്ങളെ ആശ്വസിപ്പിക്കണമെന്നു് അങ്ങയോട്ട ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ആമ്മേൻ.

**കാർമ്മി:** കർത്താവേ, കോപത്തോടെ എന്നെ
ശകാരിക്കരുതേ:
കോപത്തോടെ എന്നെ ശിക്ഷിക്കരുതേ:
എന്തെന്നാൽ ഞാൻ ദുർബ്ബലനാകുന്നു(1)

**സമൂ:** കർത്താവേ, എന്നെ സുഖപ്പെടുത്തണമേ:
എന്തെന്നാൽ എൻെറ ശരീരം വേദനിക്കുന്നു;
എൻെറ ആത്മാവു് അസ്വസ്ഥമായിരിക്കുന്നു.

(1) സങ്കീ. 6

malankaralibrary.com

**കാൎമ്മി:** കൎത്താവേ, അങ്ങു് എത്രത്തോളം വൈകും?
എൻെറ ആത്മാവിനെ രക്ഷിക്കണമേ:
കാരുണ്യപൂൎവ്വം എന്നെ കടാക്ഷിക്കണമേ.

**സമൂ:** കരഞ്ഞു കരഞ്ഞു ഞാൻ തളൎന്നു;
രാത്രിയിൽ എൻെറ തലയിണ നനഞ്ഞു.

**കാൎമ്മി:** പിതാവിനും പുത്രനും
പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** കൎത്താവേ, അങ്ങു് ഒരുവാക്കു്
അരുളിച്ചെയ്യുക:
അപ്പോഠം എൻെറ ആത്മാവു
സുഖംപ്രാപിക്കും.(1)

**കാൎമ്മി:** സകലത്തിൻെറയും നാഥാ,
(സമൂഹവുംകൂടി) ഞങ്ങഠം അങ്ങയെ സ്തുതിക്കുന്നു.
ഈശോമിശിഹായേ,
ഞങ്ങഠം അങ്ങയെ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ
അങ്ങു ഞങ്ങളുടെ ശരീരങ്ങളെ ഉയിപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**ശുശ്രൂ:** പ്രാൎത്ഥിക്കാം: നമുക്കു സമാധാനം.

**കാൎമ്മി:** ഞങ്ങളുടെ കൎത്താവായ ദൈവമേ, ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കണമേ. അതുവഴി സ്നേഹവും ശരണവും ഞങ്ങ

(1) ലൂക്കാ 7:7

malankaralibrary.com

ളിൽ വഌിക്കുവാനും ഞങ്ങാം രക്ഷപ്രാപിച്ചു നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

**സമൂ:** ആമ്മേൻ.

## ലേഖനം

**ശുശ്രൂ:** വിശുദ്ധ യാക്കോബുശ്ലീഹാ എഴുതിയ ലേഖനം (5:10–15).

എൻെറ സഹോദരരേ, നിങ്ങളുടെ കഷ്ടതകളെല്ലാം ക്ഷമയോടെ സഹിക്കുവാൻ, കത്താവിൻെറ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ മാതൃകയായി സ്വീകരിക്കുവിൻ. കഷ്ടതകാം സഹിച്ചിട്ടുള്ളവരെ നാം ഭാഗ്യവാന്മാരെന്നു വിളിക്കുന്നു. ജോബിൻെറ സഹനത്തെപ്പററി നിങ്ങാം കേട്ടിട്ടുണ്ടല്ലോ. അദ്ദേഹത്തിനു കർത്താവു നൽകിയ അവസാന സമ്മാനമെന്താണെന്നും നിങ്ങാംക്കറിയാം. എന്തെന്നാൽ കർത്താവു കാരുണ്യവാനും ദയാലുവുമാകുന്നു.

നിങ്ങളിൽ ആർക്കെങ്കിലും കഷ്ടപ്പാടുണ്ടായാൽ അവൻ പ്രാത്ഥിക്കട്ടെ. നിങ്ങളിൽ ആർക്കെങ്കിലും രോഗമുണ്ടായാൽ അവൻ സഭയിലെ പുരോഹിതന്മാരെ വിളിക്കട്ടെ. അവർ കത്താവിൻെറ നാമത്തിൽ രോഗിയെ തൈലം പൂശുകയും, അവനുവേണ്ടി പ്രാത്ഥിക്കയും ചെയ്യട്ടെ. വിശ്വാസത്തോടുകൂടിയ പ്രാത്ഥന രോഗിയെ സുഖപ്പെടുത്തും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവിടന്ന് അവനോടു ക്ഷമിക്കയുംചെയ്യും.

**സമൂ:** നമ്മുടെ കത്താവായ മിശിഹായ്ക്കു സ്തുതി.

malankaralibrary.com

**ശുശ്രൂ:** നമുക്ക ശ്രദ്ധാപൂർവ്വംനിന്ന വിശുദ്ധ സുവിശേഷം ശ്രവിക്കാം.

**കാർമ്മി:** നിങ്ങാംക്ക സമാധാനം.

**സമൂ:** അങ്ങേയ്ക്കും സമാധാനം.

**കാർമ്മി:** വിശുദ്ധ ലൂക്കാ എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം (5:17—26)

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമ്മി:** ഒരിക്കൽ ഈശോ പഠിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. ഗ്ലീലായിലെ ഗ്രാമങ്ങളിൽനിന്നും, യൂദയാ, ജെറൂസലം എന്നീ സ്ഥലങ്ങളിൽനിന്നും ഫ്രീശരും നിയമജ്ഞരും അവിടെ ചെന്നിട്ടുണ്ടായിരുന്നു. രോഗശാന്തിക്കുള്ള ദൈവശക്തി അവിടെ പ്രകടമായി കണ്ടു.

കട്ടിലിൽ ഒരു തളർവാതരോഗിയെ വഹിച്ചുകൊണ്ടു ചിലർ അവിടെയെത്തി. അയാളെ അകത്തു കൊണ്ടുപോയി ഈശോയുടെ മുമ്പിൽ കിടത്തുവാൻ അവർ പരിശ്രമിച്ചു. എന്നാൽ ജനബാഹുല്യംനിമിത്തം അയാളെ അകത്തു കടത്തുവാൻ അവർക്ക കഴിഞ്ഞില്ല. അതിനാൽ അവർ പുരമുകളിൽ കയറി, മേച്ചിൽ മാററി, അവരുടെ മദ്ധ്യത്തിൽനിന്നിരുന്ന ഈശോയുടെ മുമ്പിലേയ്ക്കു് അയാളെ ഇറക്കി.

അവരുടെ വിശ്വാസംകണ്ടു് ഈശോ അയാളോടു് ഇങ്ങനെ അരുളിച്ചെയ്തു: ''സഹോദരാ, നിൻെറ പാപങ്ങാം നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു.''

അതു കേട്ടപ്പോാം ഫ്രീശരും നിയമജ്ഞരും ഇപ്രകാരം ചിന്തിക്കുവാൻ തുടങ്ങി: ''ഇവൻ ആരാകുന്നു?

malankaralibrary.com

ഇവൻ ദൈവദൂഷണം പറയുന്നവല്ലോ. പാപങ്ങരം മോചിക്കുവാൻ ദൈവത്തിനല്ലാതെ മററാർക്കാണധികാരമുള്ളതു്? ''

ഈശോ അവരുടെ ചിന്താഗതി മനസ്സിലാക്കിക്കൊണ്ടു് ഇപ്രകാരം ചോദിച്ചു: ''നിങ്ങരം എന്താണു് ഇപ്രകാരം ചിന്തിക്കുന്നതു്? 'നിൻെറ പാപങ്ങരം ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നു പറയുന്നതാണോ, 'നീ എഴുന്നേററു നടക്കുക' എന്നു പറയുന്നതാണോ കൂടുതൽ എളുപ്പം? മനുഷ്യപുത്രനു ഭൂമിയിൽ പാപങ്ങരം മോചിക്കുവാൻ അധികാരമുണ്ടെന്നു നിങ്ങരം ഗ്രഹിക്കുവാനായി ഞാൻ ഇതു ചെയ്യുന്നു.''

അനന്തരം തളർവാതരോഗിയോടു് അവിടന്നു് അരുളിച്ചെയ്തു: ''നീ എഴുന്നേററു കിടക്കയുമെടുത്തു നിൻെറ വീട്ടിലേയ്ക്കു പോവുക.''

അവരെല്ലാം നോക്കിനില്ക്കെ അവൻ എഴുന്നേററു കിടക്കയുമെടുത്തു ദൈവത്തെ പ്രകീർത്തിച്ചുകൊണ്ടു വീട്ടിലേയ്ക്കു പോയി. എല്ലാവരും ആശ്ചര്യപ്പെട്ടു ദൈവത്തെ സ്തുതിച്ചു.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

രോഗി ചിന്തിക്കുവാനും ഗ്രഹിക്കുവാനും തക്ക നിലയിലാണെങ്കിൽ സുവിശേഷ വായന കഴിഞ്ഞു് ഒരു ചെറിയ ഉപദേശം പറയുന്നതു കൊള്ളാം.

## ലേപനം

സൈത്തുവെഞ്ചരിച്ചിട്ടില്ലെങ്കിൽ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന

malankaralibrary.com

പ്രാർത്ഥന ചൊല്ലി അതു വെഞ്ചരിക്കുന്നു.
അനന്തരം രോഗിയുടെ നെററിമേൽ കുരിശാകൃതിയിൽ തിരുതൈലം പൂശിക്കൊണ്ടു കാർമ്മികൻ ചൊല്ലുന്നു.

(അൽമായർക്ക്)

**ആത്മീകവും ശാരീരികവുമായ**
**ആരോഗ്യം ലഭിക്കുവാനായി**
**ഈ തൈലംകൊണ്ടും**
(പേർ) **റുശ്മ ചെയ്യപ്പെടുകയും**
**വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.**
**പിതാവിൻെറയും പുത്രൻെറയും**
**പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.**

**സമൂ:** ആമ്മേൻ.

സൂചന: പൂശുന്ന അവയവങ്ങൾ ഓരോ പ്രാവശ്യവും പഞ്ഞികൊണ്ടു തുടയ്ക്കുന്നു.

കൺപോളകൾ പൂശുമ്പോൾ

**കാർമ്മി:** ഈ കണ്ണുകൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ദൈവം നിന്നോടു ക്ഷമിക്കട്ടെ. പിതാവിൻെറയും ✠ പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

ചെവികൾ പൂശുമ്പോൾ

**കാർമ്മി:** ഈ ചെവികൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ദൈവം നിന്നോടു ക്ഷമിക്കട്ടെ. പിതാവിൻെറയും ✠ പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

malankaralibrary.com

അധരങ്ങരം പൂശുമ്പോരം

**കാമ്മി:** ഈ അധരങ്ങരംവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ദൈവം നിന്നോടു ക്ഷമിക്കട്ടെ. പിതാവിൻെറയും ✠ പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

കരങ്ങരം പൂശുമ്പോരം

**കാമ്മി:** ഈ കരങ്ങരംവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ദൈവം നിന്നോടു ക്ഷമിക്കട്ടെ. പിതാവിൻെറയും ✠ പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

പാദങ്ങരം പൂശുമ്പോരം

**കാമ്മി:** ഈ പാദങ്ങരംവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ദൈവം നിന്നോടു ക്ഷമിക്കട്ടെ. പിതാവിൻെറയും ✠ പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

(വൈദികർക്ക്)

നെററി പൂശുമ്പോരം

**ആത്മികവും ശാരീരികവുമായ**
**ആരോഗ്യം ലഭിക്കുന്നതിനായി**
**ഈ തൈലംകൊണ്ട്**
**(പേർ) റുശ്മാ ചെയ്യപ്പെടുകയും ✠**
**വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.**
**പിതാവിൻെറയും പുത്രൻെറയും**
**പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.**

**സമൂ:** ആമ്മേൻ.

malankaralibrary.com

കൺപോളകരം പൂശുമ്പോരം

**കാർമ്മി:** കാരുണ്യവാനായ കർത്താവേ, ഈ കണ്ണുകരംവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഇദ്ദേഹത്തോടു ✠ ക്ഷമിക്കണമേ. ദേവാലയത്തിൽ അങ്ങയുടെ മഹത്വം ദർശിക്കയും, ജനങ്ങളുടെമേൽ അങ്ങു വർഷിച്ച അനുഗ്രഹങ്ങരംക്കു സാക്ഷിനില്ക്കുകയും ചെയ്യുവയാണ് ഈ കണ്ണുകരം എന്നു ഓർക്കണമേ.

**സമൂ:** ആമ്മേൻ.

ചെവികരം പൂശുമ്പോരം

**കാർമ്മി:** കാരുണ്യവാനായ കർത്താവേ, ഈ ചെവികരംവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഇദ്ദേഹത്തോടു ✠ ക്ഷമിക്കണമേ. അങ്ങയുടെ ദിവ്യശബ്ദം കേരംക്കുകയും പാപിയുടെ നിലവിളി ശ്രദ്ധിക്കയും ചെയ്യുവയാണ് ഈ ചെവികരം എന്നു് ഓർക്കണമേ.

**സമൂ:** ആമ്മേൻ.

അധരങ്ങരം പൂശുമ്പോരം

**കാർമ്മി:** കാരുണ്യവാനായ കർത്താവേ, ഈ അധരങ്ങരംവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഇദ്ദേഹത്തോടു ✠ ക്ഷമിക്കണമേ. അങ്ങയുടെ സുവിശേഷം പ്രസംഗിക്കയും അങ്ങയുടെ കീർത്തനങ്ങരം ആലപിക്കയും ചെയ്യുവയാണ് ഈ അധരങ്ങരം എന്നു് ഓർക്കണമേ.

**സമൂ:** ആമ്മേൻ.

കരങ്ങരം പൂശുമ്പോരം

**കാർമ്മി:** കാരുണ്യവാനായ കർത്താവേ, ഈ കരങ്ങരംവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഇദ്ദേഹത്തോടു

malankaralibrary.com

ന്നു ക്ഷമിക്കണമേ. അങ്ങയുടെ ശരീരരക്തങ്ങൾ വിശ്വാസികൾക്ക നൽകുകയും, പാപമോചനത്തിനായി ഉയർത്തപ്പെടുകയും ചെയ്യുവയാണ ഈ കരങ്ങൾ എന്നു് ഓർക്കണമേ.

**സമൂ:** ആമ്മേൻ.

പാദങ്ങൾ പൂശുമ്പോൾ

**കാർമ്മി:** കാരുണ്യവാനായ കർത്താവേ, ഈ പാദങ്ങൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഇദ്ദേഹത്തോടു ന്നു ക്ഷമിക്കണമേ. സന്തോഷപൂർവ്വം അങ്ങയെ അനുഗമിക്കയും, ദേവാലയത്തിൽ സഞ്ചരിക്കയും ചെയ്യുവയാണു് ഈ പാദങ്ങൾ എന്നു് ഓർക്കണമേ.

**സമൂ:** ആമ്മേൻ.

അനന്തരം കാർമ്മികൻ കൈ കഴുകുന്നു.
ശുശ്രൂഷി സമൂഹപ്രാർത്ഥന ചൊല്ലുന്നു.

## സമൂഹപ്രാർത്ഥന

**ശുശ്രൂ:** നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടെനിന്നു് കർത്താവേ, 'ഈ ആളെ ആശ്വസിപ്പിക്കണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ:** കർത്താവേ, ഈ ആളെ ആശ്വസിപ്പിക്കണമേ.

**ശുശ്രൂ:** മർത്തായുടെ അപേക്ഷ സ്വീകരിച്ചു ലാസറിനെ ഉയിർപ്പിച്ച കാരുണ്യവാനായ കർത്താവേ,

**സമൂ:** ഈ ആളെ ആശ്വസിപ്പിക്കണമേ.

**ശുശ്രൂ:** കാനാൻകാരിയുടെ പുത്രിയെ സുഖപ്പെടുത്തുകയും നായിംവിധവയുടെ പുത്രനെ ഉയിർപ്പിക്കയും ചെയ്ത കർത്താവേ,

**സമൂ:** ഈ ആളെ ആശ്വസിപ്പിക്കണമേ.

malankaralibrary.com

**ശുശ്രൂ:** കുരുടന്റെ കണ്ണു തുറക്കുകയും, ചെകിടന്റെ കേഠംവി കൊടുക്കുകയും ചെയ്ത കർത്താവേ,

**സമൂ:** ഈ ആളെ ആശ്വസിപ്പിക്കണമേ.

**ശുശ്രൂ:** 'നിന്റെ പാപങ്ങഠം മോചിക്കപ്പെട്ടിരിക്കുന്നു' എന്നു തളർവാതരോഗിയോടു് അരുളിച്ചെയ്ത കർത്താവേ,

**സമൂ:** ഈ ആളെ ആശ്വസിപ്പിക്കണമേ.

**ശുശ്രൂ:** രോഗികളെ സുഖപ്പെടുത്തുവാനും മരിച്ചവരെ ഉയിർപ്പിക്കുവാനും ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാനുമായി (1) ലോകത്തിലേയ്ക്കു വന്ന കർത്താവേ,

**സമൂ:** ഈ ആളെ ആശ്വസിപ്പിക്കണമേ.

**ശുശ്രൂ:** പ്രാത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** ആരോഗ്യവാന്മാക്കല്ല, രോഗികഠംക്കാണു വൈദ്യനെ ആവശ്യമുള്ളതെന്നു് അരുളിച്ചെയ്തുകൊണ്ടു പാപികളെ അങ്ങിലേയ്ക്കു് ആകർഷിച്ച കർത്താവേ, ആത്മികവും ശാരീരികവുമായ ആരോഗ്യം നൽകി ഈ ആളെ അനുഗ്രഹിക്കണമേ.

**സമൂ:** ആമ്മേൻ.

## സമാപനാശീർവ്വാദം

**കാർമ്മി:** നല്ലവനും കാരുണ്യവാനുമായ ദൈവം പാപങ്ങഠം പൊറുത്തു നിന്നെ അനുഗ്രഹിക്കട്ടെ. നിരന്തരം നിന്നെ ആശ്വസിപ്പിക്കുവാൻ അവിടുന്നു മാലാഖമാരെ നിയോഗിക്കട്ടെ. നിത്യാനന്ദത്തിലുള്ള പ്രത്യാശയോടുകൂടെ ക്ലേശങ്ങഠം സഹിക്കുവാൻ നിന്നെ സഹാ

(1) മ. 11:5.

malankaralibrary.com

യിക്കട്ടെ. പരിശുദ്ധ കന്യകാമറിയത്തിൻെറയും, വിശുദ്ധ യൗസേപ്പിൻെറയും, സകല വിശുദ്ധരുടെയും പ്രാർത്ഥന നിനക്കു ധൈര്യം നൽകട്ടെ. ക്രൂശിതനായ മിശിഹാ നിന്നെയും, നിന്നെ പരിചരിക്കുന്നവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

രോഗിയെ ആശീർവ്വദിച്ചശേഷം കുരിശുരൂപം മുത്തിക്കുന്നു.

— o —

malankaralibrary.com

# വിവാഹം

വിവാഹവാഗ്ദാന (അച്ചാരക്കല്യാണം) ത്തിന്റെ ക്രമം അനുബന്ധത്തിൽ കാണുക.

സജ്ജീകരിക്കേണ്ടവ:

മദ്ബഹായുടെ താഴെ ഒരു മേശമേൽ താലി, മന്ത്രകോടി, പനിനീർ, മെഴുകുതിരി (അല്ലെങ്കിൽ നിലവിളക്ക്) വേദപുസ്തകം എന്നിവ വച്ചിരിക്കണം. മോതിരമോ, മാലയോ, കൊന്തയോ നല്കുന്ന പതിവുണ്ടെങ്കിൽ അവയും മേശമേൽ വച്ചിരിക്കണം.

പുരോഹിതൻ തിരുവസ്ത്രങ്ങളണിഞ്ഞ് അഴിക്കാലികൾച്ചെന്നു ജനങ്ങളുടെ നേരേ തിരിഞ്ഞു നില്ക്കുന്നു. വധൂവരന്മാർ മേശയുടെ സമീപത്തേയ്ക്കു ചെല്ലുന്നു. തത്സമയം താഴെക്കാണുന്ന പാട്ടുപാടാം.

ആദിയിലഖിലേശൻ
നരനേ സൃഷ്ടിച്ചു;
അവനൊരു സഖിയുണ്ടായ്,
അവനൊരു തുണയുണ്ടായ്.

ആദിയി....

വാനവർ സാക്ഷികളാം
പാവന മംഗല്യം:
ആദേൻ വനികയിലേ
ആദിമ ദമ്പതിമാർ.

ആദിയി....

malankaralibrary.com

ഇരുമെയ്യല്ലവരീ–
ധരമേലൊരുനാളും:
ഏകശരീരംപോൽ
വാഴണമെന്നെന്നും.

ആദിയി....

പാട്ടു തീരുമ്പോൾ പുരോഹിതൻ വധൂ വരന്മാരോടു ചോദിക്കുന്നു.

**പുരോ:** നിങ്ങൾ എന്താഗ്രഹിക്കുന്നു?

**ഉത്തരം:** വിവാഹമെന്ന കൂദാശവഴി
പരസ്പരം ബന്ധിതരാകുവാൻ
ഞങ്ങൾ ആഗ്രഹിക്കുന്നു.

**പുരോ:** ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

പുരോഹിതൻ കുരിശു വരച്ചുകൊണ്ടു തുടരുന്നു.

**പുരോ:** പിതാവിന്റെയും ✠ പുത്രന്റെയും പരി ശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**പുരോ:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**പുരോ:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

**പുരോ:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവുംകൂടി) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ.

അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

malankaralibrary.com

അന്നന്നുവേണ്ട ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളോടു തെറ്റുചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ
ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.
തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.
എന്തുകൊണ്ടെന്നാൽ
രാജ്യവും ശക്തിയും മഹത്വവും
എന്നേയ്ക്കും അങ്ങയുടേതാകുന്നു ആമ്മേൻ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**പുരോ:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, സ്വർഗ്ഗീയവരങ്ങളാൽ ഈ വധൂവരന്മാരെ സമ്പന്നരാക്കുകയും, അങ്ങയുടെ കല്പനകൾ പാലിച്ചു കൊണ്ടു മാതൃകാപരമായി ജീവിക്കുവാൻ ഇവരെ സഹായിക്കുകയും ചെയ്യണമേ.

**സമൂ:** ആമ്മേൻ.

**പുരോ:** എന്റെ പുത്രീ, ശ്രദ്ധിച്ചു കേൾക്കുക.(1)
നിന്റെ ജനത്തേയും പിതൃഗൃഹത്തേയും
നീ മറന്നുകളയുക.

**സമൂ:** അപ്പോൾ നിന്റെ അഴകിൽ
രാജാവു സംപ്രീതനാകും.

**പുരോ:** അദ്ദേഹം നിന്റെ നാഥനാകുന്നു.
അദ്ദേഹത്തെ വന്ദിക്കുക.

---

(1) സങ്കീ. 45

malankaralibrary.com

**സമൂ:** രാജപുത്രിയുടെ അഴകെല്ലാം ആന്തരികമാകുന്നു.

**പുരോ:** അവളുടെ മേലങ്കി പൊന്നുപൊതിഞ്ഞതാകുന്നു.

**സമൂ:** വിലയേറിയ കാഴ്ചകളുമായി രാജാവിനെ അവരം സന്ദർശിക്കും.

**പുരോ:** തോഴികളായ കന്യകമാർ അവളെ അനുഗമിക്കും.

**സമൂ:** അവർ ഉല്ലാസഭരിതരായി രാജകൊട്ടാരത്തിൽ പ്രവേശിക്കും.

**പുരോ:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി: ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**പുരോ:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രൻ സ്വർഗ്ഗത്തിൽനിന്ന് എഴുന്നള്ളിവരുമ്പോൾ അങ്ങയുടെ സ്നേഹത്താൽ സുരഭിലമായ ഹൃദയത്തോടും, അങ്ങയുടെ ജ്ഞാനത്താൽ പ്രകാശിതമായ ആത്മാവോടുംകൂടെ ആനന്ദപൂർവ്വം അവിടത്തെ എതിരേല്പവാനും, അനുഗ്രഹസമ്പന്നമായ സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ.

**സമൂ:** ആമ്മേൻ.

**മേശയിൽ വച്ചിരിക്കുന്ന മെഴുകുതിരി (അല്ലെങ്കിൽ നിലവിളക്കു) കത്തിച്ചുകൊണ്ടു പുരോഹിതൻ ചൊല്ലുന്നു.**

malankaralibrary.com

**പുരോ:** ''ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു:
എന്നെ അനുഗമിക്കുന്നവൻ
അന്ധകാരത്തിൽ നടക്കുകയില്ല:
അവനു ജീവൻെറ പ്രകാശം ലഭിക്കും''. (1)
സകലത്തിൻെറയും നാഥാ,
(സമൂഹവുംകൂടി) ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു:
ഈശോമിശിഹായേ,
ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ
അങ്ങു ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും,
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**പുരോ:** സകലത്തിൻെറയും നാഥാ, അങ്ങു സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും, ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. അങ്ങയെ ആരാധിക്കുവാനും പുകഴ്ത്തുവാനും ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** നമുക്കു സ്വരമുയർത്തി
സജീവനായ ദൈവത്തെ പ്രകീർത്തിക്കാം.

**സമൂ:** സർവ്വേശാ, നീ പരിശുദ്ധൻ;
ബലവാനേ, നീ പരിശുദ്ധൻ;
നിത്യനമർത്യൻ പരിശുദ്ധൻ;
നിൻകൃപ ഞങ്ങൾക്കേകണമേ.

---

(1) യോഹ. 8:25

malankaralibrary.com

**ശുശ്രൂ:** പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

**പുരോ:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, കാരുണ്യപൂർവ്വം ഞങ്ങളെ കടാക്ഷിക്കയും അനുഗ്രഹിക്കയും ചെയ്യണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ആമ്മേൻ.

**പുരോ:** ഞങ്ങളുടെ കർത്താവായ ദൈവമേ, ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കണമേ. അതുവഴി സ്നേഹവും ശരണവും ഞങ്ങളിൽ വർദ്ധിക്കുവാനും, ഞങ്ങൾ രക്ഷപ്രാപിച്ചു നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

**സമൂ:** ആമ്മേൻ.

## ലേഖനം

വിജ്ഞാപനം: വിവാഹബന്ധത്തെ മിശിഹായും തിരുസ്സഭയും തമ്മിലുള്ള ബന്ധത്തോട് ഉപമിച്ചുകൊണ്ട് വി. പൗലോസ് ശ്ലീഹാ ഭാര്യാഭർത്താക്കന്മാർക്കു ചില ഉപദേശങ്ങൾ നല്കുന്നു.

**ശുശ്രൂ:** വിശുദ്ധ പൗലോസ് ശ്ലീഹാ എഫേസൂസുകാർക്കെഴുതിയ ലേഖനം (5:22–30)

ഭാര്യമാരേ നമ്മുടെ കർത്താവിനെ എന്നപോലെ ഭർത്താക്കന്മാരെ അനുസരിക്കുവിൻ.

മിശിഹാ സഭയുടെ ശിരസ്സും ശരീരത്തിന്റെ രക്ഷകനുമായിരിക്കുന്നതുപോലെ ഭർത്താവു ഭാര്യയുടെ ശിര

malankaralibrary.com

സ്സാകുന്നു. അതിനാൽ തിരുസ്സഭ മിശിഹായ്ക്കു കീഴ്പ്പെട്ടിരിക്കുന്നതുപോലെ ഭാര്യമാർ എല്ലാക്കാര്യത്തിലും ഭർത്താക്കന്മാർക്കു കീഴ്പ്പെട്ടിരിക്കണം.

ഭർത്താക്കന്മാരേ, മിശിഹാ തന്റെ സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ. സ്വന്തം ശരീരത്തെ എന്നവണ്ണം നിങ്ങൾ അവരെ സ്നേഹിക്കണം. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാണു സ്നേഹിക്കുന്നത്.

സ്വന്തം ശരീരത്തെ ആരും ഒരിക്കലും വെറുക്കുകയില്ല. മിശിഹാ തന്റെ സഭയെ എന്നപോലെ ഓരോരുത്തരും അതിനെ തീററിപ്പോററുന്നു. നാം മിശിഹായുടെ ശരീരത്തിലെ അവയവങ്ങളാണല്ലോ.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## സുവിശേഷം

വിജ്ഞാപനം: വിവാഹത്തിന്റെ അവിഭാജ്യതയെപ്പററിയുള്ള ദിവ്യനാഥന്റെ ഉപദേശം നമുക്കു ശ്രവിക്കാം.

**പുരോ:** നിങ്ങൾക്കു സമാധാനം.

**സമൂ:** അങ്ങേയ്ക്കും സമാധാനം.

**പുരോ:** വിശുദ്ധ മത്തായി എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം. (19:3–6)

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**പുരോ:** ഫ്രീശന്മാർ അടുത്തുചെന്ന് ഈശോയെ പരീക്ഷിക്കുവാനായി ഇപ്രകാരം ചോദിച്ചു: ''ഏതെ

malankaralibrary.com

ങ്കിലും കാരണത്താൽ ഒരാറക്കു തൻെറ ഭാര്യയെ പരി ത്യജിക്കുവാൻ പാടുണ്ടോ?''

അവിടന്നു് അവരോടു് അരുളിച്ചെയ്തു: ''സ്രഷ്ടാവു് ആദിയിൽ പുരുഷനും സ്ത്രീയുമായി മനുഷ്യനെ സൃഷ്ടിച്ചു. തന്നിമിത്തം പുരുഷൻ തൻെറ മാതാപിതാക്കന്മാരെ വിട്ടു ഭാര്യയോടു ചേരുമെന്നും അവർ ഇരുവരും ഒരു ശരീരമായിത്തീരുമെന്നും അവിടന്നു് അരുളിച്ചെയ്തിട്ടുണ്ടു്. ഇതൊന്നും നിങ്ങറ വായിച്ചിട്ടില്ലയോ? ആകയാൽ അവർ രണ്ടല്ല; ഒരു ശരീരമാകുന്നു. ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ.''

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഈ സമയത്തു് ഒരു ചെറിയ പ്രസംഗം പറയുന്നതു നന്നായിരിക്കും. (അനുബന്ധം).

## സ്വീകരണം

പ്രസംഗം കഴിയുമ്പോറ പുരോഹിതൻ വധൂവരന്മാരെ സമീപിക്കുന്നു.

**പുരോ:** (വരൻെറ പേരുവിളിച്ചുകൊണ്ടു്)
മിശിഹായുടെ നിയമവും
തിരുസ്സഭയുടെ നടപടിയുമനുസരിച്ചു്
സ്വതന്ത്രമായ മനസ്സോടും
പൂർണ്ണമായ സമ്മതത്തോടുംകൂടെ
(വധുവിൻെറ പേരു്) യെ
നിൻെറ ഭാര്യയായി നീ സ്വീകരിക്കുന്നുവോ?

**വരൻ:** സ്വീകരിക്കുന്നു.

malankaralibrary.com

**പുരോ:** (വധുവിൻെറ പേരു് വിളിച്ചുകൊണ്ടു്)
മിശിഹായുടെ നിയമവും
തിരുസ്സഭയുടെ നടപടിയുമനുസരിച്ചു്
സ്വതന്ത്രമായ മനസ്സോടും
പൂർണ്ണമായ സമ്മതത്തോടുംകൂടെ
(വരൻെറ പേരു്) നെ
നിൻെറ ഭർത്താവായി നീ സ്വീകരിക്കുന്നുവോ?

**വധു:** സ്വീകരിക്കുന്നു.

**പുരോ:** (സാക്ഷികളോടു്)
നിങ്ങൾ ഇതിനു സാക്ഷികളാണല്ലോ?

**സാക്ഷികൾ:** അതെ.

വധൂവരന്മാർ പരസ്പരം വലതുകരം ഗ്രഹിക്കുന്നു.

**പുരോ:** അബ്രാഹത്തിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും ദൈവം നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹാ വിവാഹത്താൽ നിങ്ങളെ ബന്ധിക്കയും സ്വർഗ്ഗീയവരങ്ങൾ നല്കി നിങ്ങളെ ✠ അനുഗ്രഹിക്കയും ചെയ്യട്ടെ.

✠ ആശീർവ്വദിക്കുന്നു.

**വധൂവരന്മാർ:** ആമ്മേൻ.

പുരോഹിതൻ താലിയും മന്ത്രകോടിയും മററും വച്ചിരിക്കുന്ന മേശയുടെ നേരേ തിരിഞ്ഞു നിൽക്കുന്നു.

## താലി വെഞ്ചരിപ്പു്

**പുരോ:** കുരിശുമരണംവഴി തിരുസ്സഭയെ വധുവായി സ്വീകരിച്ച കർത്താവേ, വിശ്വാസത്തിലും സ്നേഹത്തിലും വധൂവരന്മാരെ ബന്ധിക്കുന്ന ഈ കുരിശിനെ ദയാപൂർവ്വം ✠ ആശീർവ്വദിക്കണമേ. ഐക്യത്തിൻെറ

malankaralibrary.com

പ്രതീകമായ ഈ താലി അഭേദ്യമായ സ്നേഹത്തിലും പൂർണ്ണമായ വിശ്വസ്തതയിലും ഇവരെ ബന്ധിക്കുമാറാകട്ടെ. ജീവിതത്തിൽ ഉണ്ടാകുന്ന ക്ലേശങ്ങൾ സന്തോഷപൂർവ്വം സഹിക്കുവാനും, അങ്ങയുടെ ഇഷ്ടമനുസരിച്ച് പരിശുദ്ധരായി ജീവിക്കുവാനും, ഈ കുരിശ് ഇവർക്കു ശക്തി നൽകട്ടെ.

**സമൂ:** ആമ്മേൻ.

താലിമേൽ വെഞ്ചരിച്ച പനിനീർ തളിക്കുന്നു.

## മന്ത്രകോടി വെഞ്ചരിപ്പ്

**പുരോ:** കൃപാവരത്തിന്റെ അനശ്വരവസ്ത്രത്താൽ മനുഷ്യാത്മാവിനെ അലങ്കരിക്കുന്ന കാരുണ്യവാനായ കർത്താവേ, ഈ മന്ത്രകോടി ✠ ആശീർവ്വദിക്കണമേ. പൂർണ്ണമായ ആത്മസമർപ്പണവും, പരസ്പരസ്നേഹവുംവഴി അങ്ങയെ ധരിക്കുവാൻ ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ. ലോകത്തിൽ നിഷ്കളങ്കരായി ജീവിച്ച്, സ്വർഗ്ഗത്തിൽ മഹത്വത്തിന്റെ വസ്ത്രമണിയുവാൻ ഇവർക്ക് ഇടയാകട്ടെ.

വെഞ്ചരിച്ച പനിനീർ തളിക്കുന്നു.

## താലികെട്ട്

പുരോഹിതൻ താലിയെടുത്തു കൊടുക്കുമ്പോൾ വരൻ അതു വധുവിന്റെ കഴുത്തിൽ കെട്ടുന്നു.

സൂചന: കൊന്ത നൽകുക, മോതിരമോ മാലയോ അണിയിക്കുക എന്നീ പതിവുകളുണ്ടെങ്കിൽ ഈസമയത്തു ചെയ്യുന്നു.

malankaralibrary.com

## മന്ത്രകോടിയണിയിക്കൽ

പുരോഹിതൻ മന്ത്രകോടിയെടുത്ത് വരനെ ഏല്പിക്കുന്നു. വരൻ അതു വധുവിനെ അണിയിക്കുന്നു. താലി കെട്ടാൻ ആരംഭിക്കുമ്പോഴും താഴെ കാണുന്ന പാട്ടുകളിൽ ഒന്നു പാടാം.

### ഗാനം 1

പുതിയ കുടുംബത്തിൻ കതിരുകളുയരുന്നു:
തിരുസ്സുഭ വിജയത്തിൻ തൊടുകുറിയണിയുന്നു.
അവനിയുമുന്നതമാമംബരവീഥികളും
മംഗളഗീതികളിൽ മുങ്ങിവിളങ്ങുന്നു.
നവദമ്പതിമാരേ, ഭാവുകമരുളുന്നു
മഞ്ജുളവാണികളാൽ മംഗളമരുളുന്നു.

### ഗാനം 2

ഒന്നായി ഞങ്ങളും, ഒന്നായി ഞങ്ങളും
സ്നേഹത്തിലൊന്നായി ഞങ്ങളും
സന്തോഷത്തിലും സന്താപത്തിലും
ദൈവത്തിലൊന്നായി ഞങ്ങളും.

ദുഃഖമോ ദുരിതങ്ങളോ
വിത്തമോ വിജയങ്ങളോ
സ്നേഹത്തിൽ ഞങ്ങളെ ബന്ധിച്ച കെട്ടുകൾ
പൊട്ടിച്ചകററുകില്ല ഒരിക്കലും പൊട്ടിച്ചകററുകില്ല.

മാലാഖമാരേ വരൂ
മംഗല്യദാനം തരൂ
മന്നിൻെറ മായയിൽ മങ്ങും മനസ്സിന്നു
ദിവ്യപ്രകാശം തരൂ, മനസ്സിന്നു ദിവ്യപ്രകാശം തരൂ.

malankaralibrary.com

## പ്രതിജ്ഞ

വധൂ മന്ത്രകോടിയണിഞ്ഞു കഴിയുമ്പോൾ വധൂവരന്മാർ പ്രതിജ്ഞാവാചകമെഴുതിയ കടലാസ് കൈയിലെടുക്കുന്നു. പുരോഹിതൻ പിടിച്ചു കൊടുക്കുന്ന വേദപുസ്തകത്തിന്മേൽ തൊട്ടുകൊണ്ട് രണ്ടുപേരും കൂടി പ്രതിജ്ഞാവാചകം ഉച്ചരിക്കുന്നു.

ഇന്നുമുതൽ മരണംവരെ
സന്തോഷത്തിലും ദുഃഖത്തിലും
സമ്പത്തിലും ദാരിദ്ര്യത്തിലും
ആരോഗ്യത്തിലും അനാരോഗ്യത്തിലും
പരസ്പര സ്നേഹത്തോടും
വിശ്വസ്തതയോടും കൂടെ
ഏകമനസ്സായി ജീവിച്ചുകൊള്ളാമെന്ന്
ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.
ഞങ്ങളുടെ ഈ വാഗ്ദാനം
പരിശുദ്ധമായ ഈ നിമിഷത്തിൽ
വിശുദ്ധഗ്രന്ഥം സാക്ഷിയാക്കി
ദൈവത്തിനു ഞങ്ങൾ സമർപ്പിക്കുന്നു.

തുടർന്ന് സമൂഹപ്രാർത്ഥന ചൊല്ലുന്നു.

## സമൂഹപ്രാർത്ഥന

**സമൂ:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ 'കർത്താവേ, ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ' എന്ന് അപേക്ഷിക്കാം.

**സമൂ:** കർത്താവേ, ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ.

malankaralibrary.com

**ശുശ്രൂ:** മിശിഹാ തിരുസ്സഭയെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുവാനും, ത്യാഗപൂർണ്ണമായ ജീവിതംവഴി പരസ്പരം ആശ്വസിപ്പിക്കുവാനും

**സമൂ:** കർത്താവേ, ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ.

**ശുശ്രൂ:** മരണംവരെ വിശ്വസ്തരായി ജീവിക്കുവാനും, ചാരിത്രശുദ്ധിയിൽ ഉറച്ചുനിൽക്കുവാനും

**സമൂ:** കർത്താവേ, ഈ ദമ്പതിമാരെ....

**ശുശ്രൂ:** തെററിദ്ധാരണകൾക്കു വഴിപ്പെടാതെ പരസ്പരം വിശ്വസിക്കുവാനും, കുടുംബജീവിതത്തിലെ ക്ലേശങ്ങൾ സന്തോഷപൂർവ്വം സഹിക്കുവാനും

**സമൂ:** കർത്താവേ, ഈ ദമ്പതിമാരെ....

**ശുശ്രൂ:** ദൈവം നല്കുന്ന മക്കളെ ദൈവത്തിനു വേണ്ടി വളർത്തുവാനും തിരുക്കുടുംബത്തിൻെറ മാതൃകയിൽ കുടുംബസമാധാനം പുലർത്തുവാനും

**സമൂ:** കർത്താവേ ഈ ദമ്പതിമാരെ....

**ശുശ്രൂ:** പ്രാർത്ഥിക്കാം നമുക്കു സമാധാനം.

**പുരോ:** ഞങ്ങളുടെ കർത്താവായ ദൈവമേ, ഈ ദമ്പതിമാർ സന്തോഷപൂർവ്വം ആരംഭിച്ചിരിക്കുന്ന കുടുംബജീവിതം വിജയകരമായി നയിക്കുവാനും, അങ്ങയുടെ വിശ്വസ്തരായ ദാസർക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന നിത്യകിരീടം നേടുവാനും ഇവരെ സഹായിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ആമ്മേൻ.

malankaralibrary.com

**ശുശ്രൂ:** നമുക്കു തലകുനിച്ച് ആശീർവ്വാദം സ്വീകരിക്കാം.

ദമ്പതിമാർ തലകുനിച്ചു നില്ക്കുന്നു.

**പുരോ:** (വധൂവരന്മാരുടെ നേരെ കൈനീട്ടിപ്പിടിച്ചു കൊണ്ട്) ഞങ്ങളുടെ കർത്താവായ ദൈവമേ, ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ. തിരുസ്സഭയുടെ ശിരസ്സായ മിശിഹാ എപ്പോഴും ഇവരുടെ ഭരണകർത്താവും സംരക്ഷകനുമായിരിക്കട്ടെ. ഇവർക്കുണ്ടാകുന്ന സന്താനങ്ങളെ വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ നയിച്ചുകൊള്ളണമേ. ആരോഗ്യവും ആയുസ്സും നല്കി ഈ വരനെ അനുഗ്രഹിക്കണമേ. സ്വർഗ്ഗീയ വരങ്ങളാലും, ആന്തരികസൗന്ദര്യത്താലും ഈ വധുവിനെ അലങ്കരിക്കണമേ. അങ്ങയുടെ സഭയിൽ പുതുതായി രൂപം കൊണ്ടിരിക്കുന്ന ഈ കുടുംബത്തെയും ഞങ്ങളെല്ലാവരെയും ആശീർവ്വദിക്കണമേ.

**സമൂ:** ആമ്മേൻ.

കുർബാനയില്ലെങ്കിൽ സമാപനപ്രാർത്ഥനയുംകൂടി ചൊല്ലി അവസാനിപ്പിക്കുന്നു. കുർബാനയുണ്ടെങ്കിൽ വിശ്വാസപ്രമാണത്തിനു മുമ്പുള്ള 'എന്റെ കർത്താവേ, കരുണാനിധിയായ....' എന്ന പ്രാർത്ഥന ചൊല്ലി കുർബാന തുടരുന്നു.

കാഴ്ചവയ്പിന്റെ സമയത്തു വധൂവരന്മാർ ഓരോ ഓസ്തിപീലാസായിൽ നിക്ഷേപിക്കുന്ന പതിവു പ്രോത്സാഹിപ്പിക്കാവുന്നതാണ്.

malankaralibrary.com

## ഓനീസാ ദ്റാസേ

**പുരോ:** ലോകം മുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ. (സ. 98)

**സമൂ:** രാജകുമാരീ, നിൻെറ വരനെ ഓർത്തു നീ സന്തോഷിക്കുക. വിവാഹദാനമായി സ്വന്തശരീരം അവിടുന്നു നിനക്കു പ്രദാനം ചെയ്തു. തന്നെത്തന്നെ ബലിയർപ്പിച്ചുകൊണ്ടു് അവിടുന്നു നിന്നെ വിശുദ്ധീകരിച്ചു് അലങ്കരിച്ചു. നമുക്കു് അവിടത്തെ പ്രകീർത്തിക്കാം.

## ഓനീസാ ദ്‌വേമ്മ

**ശുശ്രൂ:** വിവാഹസദ്യയ്ക്കു വിളിക്കപ്പെട്ട പ്രകാശത്തിൻെറ പുത്രരേ, സന്തോഷിക്കുവിൻ. അനന്തമായ സ്വർഗ്ഗഭാഗ്യത്തിനു നമ്മെ അവകാശികളാക്കിയതിനെക്കുറിച്ചു കർത്താവിനെ സ്തുതിക്കുവിൻ. തൻെറ തിരുശരീരം നമുക്കു നൽകുകയും, മനോജ്ഞമായ മഹത്വത്താൽ തിരുസ്സഭയെ അലങ്കരിക്കയും ചെയ്ത സ്വർഗ്ഗീയവരൻെറ സദ്യ സന്തോഷപൂർവ്വം നിങ്ങറം ആസ്വദിക്കുവിൻ.

## സമാപനാശീർവ്വാദം

സൂചന: കുർബ്ബാനയുണ്ടെങ്കിൽ അതിലെ സമാപനാശീർവ്വാദത്തിനു പകരമാണു് ഇതു ചൊല്ലുക.

malankaralibrary.com

**പുരോ:** അനന്തമായ സ്നേഹത്താൽ മനുഷ്യനെ സൃഷ്ടിക്കയും, ജീവിതസഖിയെ നല്കി സൃഷ്ടികർമ്മത്തിൽ അവനെ പങ്കാളിയാക്കുകയും ചെയ്ത കാരുണ്യവാനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അബ്രാഹത്തെയും സാറായെയും, അവരുടെ സന്താനങ്ങളെയും അനുഗ്രഹിച്ച ദൈവം ആരോഗ്യവും ദീർഘായുസ്സും നല്കി നിങ്ങളുടെ ജീവിതം ഐശ്വര്യപൂർണ്ണമാക്കട്ടെ. നിങ്ങളുടെ ആശകളും പ്രതീക്ഷകളും അവിടന്നു സഫലമാക്കട്ടെ. ആവശ്യനേരത്തു സഹായിക്കുവാൻ നിരവധി ആത്മാർത്ഥസുഹൃത്തുക്കളെ ദൈവം നിങ്ങൾക്കു പ്രദാനം ചെയ്യട്ടെ. നിങ്ങളുടെ കുടുംബത്തിൽ സമാധാനവും സന്തുഷ്ടിയും പരസ്പരസ്നേഹവും വർദ്ധിച്ചു വരട്ടെ. നവദമ്പതിമാരായ നിങ്ങളെയും, ഇന്നത്തെ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത മറ്റെല്ലാവരെയും ദൈവം ആശീർവ്വദിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ

✠ ആശീർവ്വദിക്കുന്നു

—)(—

malankaralibrary.com

# അനുബന്ധം.

## 1. മാമ്മോദീസായ്ക്കുള്ള സൈത്തു വെഞ്ചരിക്കുന്ന ക്രമം

**കാർമ്മി:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്ന് ഈ തൈലത്തിന്മേൽ ആവസിച്ച് ഇതിനെ ആശീർവ്വദിക്കുമാറാകട്ടെ. ഞങ്ങളുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവത്തിന്റെയും, മരണത്തിന്റെയും, ഉയിർപ്പിന്റെയും പ്രതീകമായ മാമ്മോദീസായുടെ പരികർമ്മത്തിനായി ആരാധ്യമായ ത്രിത്വത്തിന്റെ നാമത്തിൽ ഈ തൈലം ✠ പവിത്രീകരിക്കണമേ. അഭിഷിക്തനായ മിശിഹായുടെ രാജകീയ പൗരോഹിത്യത്തിൽ പങ്കുകാരാകുവാനും, പരിശുദ്ധമായ ജീവിതത്താൽ അനന്തമായ സ്വർഗ്ഗഭാഗ്യത്തിന് അവകാശികളായിത്തീരുവാനും ഈ തൈലം ഞങ്ങളെ ശക്തരാക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

✠ തൈലം ആശീർവ്വദിക്കുന്നു.

**സമൂ:** ആമ്മേൻ.

മെത്രാൻ ആശീർവ്വദിച്ചിട്ടുള്ള മൂറോനിൽ വിരൽമുക്കി താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു തൈലത്തിൽ കുരിശു വരയ്ക്കുന്നു.

**കാർമ്മി:** വിശുദ്ധീകരിക്കുന്ന മാമ്മോദീസയിൽ അക്ഷയത്വത്തിന്റെ അടയാളമാകുവാൻ ഈ തൈലം

malankaralibrary.com

വിശുദ്ധ മൂറോനാൽ മുദ്രിതമാവുകയും വിശുദ്ധീകരിക്കപ്പെടുകയും, അതോടു കലർത്തപ്പെടുകയും ചെയ്യുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

**സമൂ:** ആമ്മേൻ.

)(

## 2. രോഗിലേപനത്തിനുള്ള തൈലം വെഞ്ചരിക്കുന്ന ക്രമം

**കാർമ്മി:** രോഗികളെ സുഖപ്പെടുത്തുന്നവനും, പാപികളെ രക്ഷിക്കുന്നവനുമായ കർത്താവേ, ഈ തൈലം ആശീർവ്വദിക്കണമെന്ന് ✠ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഇതു ഞങ്ങളുടെ വേദനകൾ കുറയ്ക്കുകയും, ക്ലേശങ്ങൾ അകററുകയും ചെയ്യുന്ന ദിവ്യമായ ഔഷധമായിത്തീരട്ടെ. ആത്മികവും ശാരീരികവുമായ എല്ലാ രോഗങ്ങളിലും നിന്നു് ഇതു് ഞങ്ങളെ വിമുക്തരാക്കട്ടെ. പരിശുദ്ധ ത്രിത്വത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾക്കു് ഇടയാവുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

✠ ആശീർവ്വദിക്കുന്നു.

**സമൂ:** ആമ്മേൻ.

)(

malankaralibrary.com

# 3. ആസന്നമരണർക്കു മാമ്മോദീസായും സ്ഥൈര്യലേപനവും നൽകുന്ന ക്രമം

മാമ്മോദീസ സ്വീകരിക്കുവാനുള്ളയാൾ ആസന്നമരണനാണെങ്കിൽ സ്നാപനം മാത്രം നടത്തുന്നു.

## a) സ്നാപനം

**കാർമ്മി:** (പേരു വിളിച്ചുകൊണ്ട്)
പിതാവിന്റെയും ✠
പുത്രന്റെയും ✠
പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ
നിന്നെ ഞാൻ മാമ്മോദീസ മുക്കുന്നു.

✠ ശിരസ്സിൽ ഓരോ പ്രാവശ്യവും കുരിശാകൃതിയിൽ വെള്ളം ഒഴിക്കുന്നു.

**ഉത്തരം:** ആമ്മേൻ.

## b) സ്ഥൈര്യലേപനം

തുടർന്നു സ്ഥൈര്യലേപനവും നൽകുന്നു. ശിരസ്സിൽ കൈവച്ചു പേരു വിളിച്ച് താഴെ വരുന്ന വാചകം ചൊല്ലി, തള്ള വിരൽ കൊണ്ട് നെററിമേൽ കുരിശാകൃതിയിൽ മൂറോൻ പൂശുന്നു.

**കാർമ്മി:** ദൈവമായ മിശിഹായുടെ തൈലത്താൽ
സത്യവിശ്വാസത്തിന്റെ പരിമളത്താൽ
പരിശുദ്ധാത്മാവിന്റെ
കൃപാവരപൂർണ്ണതയുടെ മുദ്രയാൽ
പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ
നിന്നെ ഞാൻ അടയാളപ്പെടുത്തുന്നു.

**ഉത്തരം:** ആമ്മേൻ.

പഞ്ഞികൊണ്ടു നെററി തുടയ്ക്കുന്നു.

malankaralibrary.com

# 4. വിവാഹവാഗ്ദാനം

(അച്ചാരക്കല്ല്യാണം)

വിവാഹത്തിനുമുമ്പ് നിശ്ചയിക്കപ്പെടുന്ന ദിവസം വധൂവരന്മാരും രണ്ടു സാക്ഷികളും പള്ളിയിൽ ചെല്ലുന്നു. സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ പുരോഹിതൻ വധൂവരന്മാരോടു ചോദിക്കുന്നു.

**പുരോ:** (വരന്റെ പേരു വിളിച്ച്) മിശിഹായുടെ നിയമവും തിരുസ്സഭയുടെ നടപടിയുമനുസരിച്ച് (വധുവിന്റെ പേര്) യെ നിന്റെ ഭാര്യയായി സ്വീകരിക്കാമെന്നു വാഗ്ദാനം ചെയ്യുന്നുവോ?

**വരൻ:** വാഗ്ദാനം ചെയ്യുന്നു.

**പുരോ:** (വധുവിന്റെ പേരു വിളിച്ച്) മിശിഹായുടെ നിയമവും തിരുസ്സഭയുടെ നടപടിയുമനുസരിച്ച് (വരന്റെ പേര്) നെ നിന്റെ ഭർത്താവായി സ്വീകരിക്കാമെന്നു വാഗ്ദാനം ചെയ്യുന്നുവോ?

**വധു:** വാഗ്ദാനം ചെയ്യുന്നു.

**പുരോ:** (സാക്ഷികളോട്) നിങ്ങൾ ഈ വിവാഹവാഗ്ദാനത്തിനു സാക്ഷികളാണല്ലോ?

**സാക്ഷികൾ:** അതെ.

**പുരോ:** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

✠ പുരോഹിതൻ വധൂവരന്മാരെ ആശീർവ്വദിക്കുന്നു.

**ഉത്തരം:** ആമ്മേൻ.

N. B. (ആഘോഷകർമ്മത്തിനു 'വിവാഹസമ്മതം' എന്ന പുസ്തകം കാണുക. 'വെഞ്ചരിപ്പുകൾ' എന്ന പുസ്തകത്തിലും ഈ ക്രമം ചേർത്തിട്ടുണ്ട്.)

malankaralibrary.com

# 5. വിവാഹകർമ്മത്തിൽ സുവിശേഷം കഴിഞ്ഞുള്ള പ്രസംഗത്തിനു പകരം പറയാവുന്ന ഉപദേശം

പ്രിയപ്പെട്ട വധൂവരന്മാരേ,

വിവാഹം എന്ന കൂദാശവഴിയായി ഗൗരവമേറിയ ഒരു ചുമതലയാണു നിങ്ങൾ സ്വയം ഭരമേല്പിക്കുന്നത്. അതിന്റെ വിശുദ്ധമായ കടമകളെല്ലാം ആത്മാർത്ഥമായി നിർവ്വഹിക്കുവാനുള്ള സന്നദ്ധതയോടുകൂടിവേണം പുതിയ ജീവിതത്തിലേയ്ക്കു നിങ്ങൾ പ്രവേശിക്കുവാൻ.

വിവാഹം ദൈവസ്ഥാപിതമായ ഒരു കൂദാശയാണ്. അതുവഴി സൃഷ്ടികർമ്മത്തിൽ ദൈവം മനുഷ്യരെ പങ്കാളികളാക്കുന്നു.

മിശിഹായ്ക്കു തിരുസ്സഭയോടുള്ള സ്നേഹത്തോടാണു ഭാര്യാഭർത്താക്കന്മാരുടെ സ്നേഹത്തെ വി. പൗലോസ് ശ്ലീഹാ ഉപമിക്കുന്നത് (1) മിശിഹാ സ്വയം ബലി ചെയ്തുകൊണ്ടു തിരുസ്സഭയെ സ്നേഹിച്ചു. അങ്ങനെ പരിത്യാഗത്തോടുകൂടിയ സ്നേഹത്തിനേ വിവാഹജീവിതം വിജയിപ്പിക്കാൻ പററൂ. സ്വാർത്ഥതയുള്ളിടത്ത് ആ ജീവിതം പരാജയപ്പെട്ടുപോകും. അതിനാൽ ഭാര്യ ഭർത്താവിനുവേണ്ടിയും ഭർത്താവു ഭാര്യയ്ക്കുവേണ്ടിയും ജീവിക്കണം. മററുവാക്കുകളിൽ പറഞ്ഞാൽ നിങ്ങളുടെ ഹൃദയം

(1) എഫേ. 5:23

malankaralibrary.com

ഒന്നായിരിക്കണം; നിങ്ങളുടെ ആഗ്രഹങ്ങൾ ഒന്നായിരിക്കണം. നിങ്ങളുടെ ലക്ഷ്യവും ഒന്നായിരിക്കണം.

വിജയവും സന്തോഷവും ആഗ്രഹിക്കുന്ന നിങ്ങളെ പരാജയവും സങ്കടങ്ങളും ഭഗ്നാശരാക്കിയെന്നുവരാം. സമ്പത്തും ആരോഗ്യവും ആഗ്രഹിക്കുന്ന നിങ്ങളെ ദാരിദ്ര്യവും രോഗവും അലട്ടിയെന്നുവരാം. അവിടെയെല്ലാം നിസ്സ്വാർത്ഥമായ സ്നേഹവും, പരിപൂർണ്ണമായ വിശ്വസ്തതയും നിങ്ങൾക്ക് ആശ്വാസം പകർന്നുതരും.

അങ്ങനെ മാതൃകാപരമായ ഒരു കുടുംബം കരുപ്പിടിപ്പിക്കുവാൻ നിങ്ങൾ ശ്രമിക്കുവിൻ. അമിതമായ ദ്രവ്യാഗ്രഹത്തിൽനിന്നും വഴിതെററിക്കുന്ന ജീവിതസുഖങ്ങളിൽനിന്നും ഒഴിഞ്ഞുമാറുവിൻ. അദ്ധ്വാനിച്ചും ജോലി ചെയ്തും ജീവിക്കുവിൻ (1). സാധുക്കളെ സഹായിക്കുവിൻ. കള്ളൻ മോഷ്ടിക്കുവാനോ, ചിതലിനു നശിപ്പിക്കുവാനോ കഴിയാത്ത സ്വർഗ്ഗരാജ്യത്തിൽ നിങ്ങൾക്കായി നിക്ഷേപം കൂട്ടുവിൻ (2). പറവകളെ പോററുകയും, പുഷ്പങ്ങളെ അലങ്കരിക്കുകയും ചെയ്യുന്ന ദൈവം (3) നിങ്ങളെ സംരക്ഷിച്ചുകൊള്ളും.

ഈ കൂദാശയിൽനിന്നു ലഭിക്കുന്ന പ്രത്യേകമായ പ്രസാദവരം നിങ്ങൾക്ക് എന്നും ശക്തികേന്ദ്രമായിരിക്കട്ടെ. ക്ലേശങ്ങൾ സന്തോഷപൂർവ്വം സഹിക്കുവാൻ അതു നിങ്ങളെ സഹായിക്കട്ടെ.

---

(1) സൃഷ്ടി. 3:17 (2) മ. 6:20 (3) മ. 6:26.

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com